# നവധ്വനി



സ്കൂൾഡിജിറ്റൽമാഗസിൻ 2018-19

ഗവ. വി എച്ച് എസ് എസ് ഇരവിപുരം

തട്ടാമല, കൊല്ലം

# ജി.വി.എച്ച്.എസ്.എസ് ഇരവിപുരം



ജി.വി.എച്ച്.എസ്.എസ് ഇരവിപുരം,
തട്ടാമല,കൊല്ലം.
PH: 0474 2729673

e-mail ID: 41090kollam@gmail.com

f b ID: Govt Vhss Eravipuram Thattamala .

# സ്കൂൾ ഹെഡ്മാസ്റ്റർ സന്ദേശം.



പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ 45,000 ക്ലാസ് മുറികൾ ഹൈടെക്കായി .ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത് കൊണ്ട് ലക്ഷ്യമിടുന്നത് നമ്മുടെ കുട്ടികളും ഹൈടെക് ആവുക എന്നതാണ്. പഠനത്തെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മികവുറ്റതാക്കി മാറ്റാൻ ഇതിലൂടെ കഴിയും .ഓരോ നിമിഷവും ലോകത്തെവിടെയും കലാ-

കായിക -ശാസ്ത്ര-ആരോഗ്യ-സാമൂഹിക-മേഖലകളിൽ സംഭവിക്കുന്ന പരിണാമങ്ങൾ അറിയാനും ,മനസ്സിലാക്കാനും, ഉൾക്കൊള്ളാനും അതിലൂടെ ലോക നിലവാരത്തിലേക്ക് ഉയർത്താനും കഴിയും . അതിനുവേണ്ട ശാക്തീകരണം അധ്യാപകർക്ക് നൽകി കഴിഞ്ഞു . എന്നാൽ കുട്ടികളെയും ആ നിലവാരത്തിലേക്ക് ഉയർത്തുകയാണെങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ . ഈ ലക്ഷ്യത്തിലേക്ക് എത്താൻ സഹായിക്കുന്ന ഒരു കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്" .ലിറ്റിൽ കൈറ്റ്സിലൂടെ , നമ്മുടെ പൊതുസമൂഹം; പൊതുവിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഞാൻ പ്രകടിപ്പിക്കുന്നു. സ്കൂൾലിറ്റിൽകൈറ്റ്സിൻെറ ആദ്യ പൊതുസംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു..

**ശശികുമാർ.ബി .എസ്.**
**[സ്കൂൾ ഹെഡ്മാസ്റ്റർ.]**

.




***<u>പ്രൻസിപ്പാൾ സന്ദേശം</u>***

നമ്മുടെ രാജ്യത്തെ ഏറ്റവും ബൃഹത്തായ വിദ്യാർത്ഥി കേന്ദ്രീകൃതമായ ഏകീകൃത കമ്പ്യൂട്ടർ പരിശീലനപദ്ധതിയാണല്ലോ "ലിറ്റിൽ കൈറ്റ്സ്". പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാടിന്റെ മുഖമുദ്രകളായി മാറിയ ഹൈടെക് വിദ്യാലയങ്ങൾ. ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലൂടെ, വിവരസാങ്കേതികവിദ്യയുടെ വലിയ സാധ്യതകളാണ് പഠനത്തിലൂടെയും പരിശീലനത്തിലൂടെയും വിദ്യാർത്ഥി സമൂഹത്തിനാകെ ലഭിക്കുന്നത് . രാഷ്ട്രനിർമ്മിതിയിൽ ഇന്നത്തെയും നാളത്തെയും പ്രതീക്ഷകളായ വദ്യാർത്ഥികൾക്ക് വൈവിധ്യമായ മേഖലകളിൽ ലഭിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതികജ്ഞാനം വിവിധ പരിശീലനപരിപാടികളിലൂടെ പൊതുസമൂഹത്തിനാകെ പ്രയോജനപ്പെടുന്നു. ലിറ്റിൽ കൈറ്റ്സ് I.T കൂട്ടായ്മയിലൂടെ മികവിൻെറ കേന്ദ്രയായിമാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സ്കൂളിന്റെ ഈ സംരംഭത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ

***Principal ,***
***Priya S Raj***

ആശംസ



പൊതുവിദ്യാഭ്യാസരംഗം മാറ്റത്തിന്റെ പാതയിലാണ്. ഇരവിപുരം ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ഐടി കൂട്ടായ്മയായ പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്. കുഞ്ഞുമനസ്സുകളുടെ സാഹിത്യവാസനയ്ക്ക് ഒരു പ്രോത്സാഹനം എന്നതിലുപരി സാങ്കേതികരംഗത്തെ വിപ്ലവകരമായ മാറ്റത്തിന്റെശംഖൊലി മുഴക്കാൻ ഡിജിറ്റൽ മാഗസിൻ എന്ന ഈസംരംഭത്തിന് കഴിയട്ടെ എന്ന് ഈ അവസരത്തിൽ ആശംസിക്കുന്നു

സുജ.എസ്
വാർഡ്കൗൺസിലർ
ഇരവിപുരം ഡിവിഷൻ
കൊല്ലം

# സ്കൂൾ പി.ടി.എ



ശ്രീ. പ്രസാദ്
പ്രസിഡന്റ്



ശ്രീ. ഷെരീഫ് കുട്ടി
വൈസ് പ്രസിഡന്റ്



ശ്രീമതി. ജൂനൈസ
M PTA പ്രസിഡന്റ്



ശ്രീ. നവാബ്
SMC ചെയർമാൻ

# സമർപ്പണം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് സ്കൂളുകളിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന ഐടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്.
അനുനിമിഷം വിജ്ഞാനവിസ്ഫോടനം സാധ്യമാക്കുന്ന വിവരസാങ്കേതികവിദ്യാരംഗത്തെ നൂതന മേഖലകൾ പഠന വിധേയമാക്കാനും വിദ്യാർത്ഥികളിൽ അഭിരുചി വളർത്തി പുതിയ കാലഘട്ടത്തിൻെറ തൊഴിൽസാധ്യതകൾ സ്വായത്തമാക്കാനും സ്കൂൾ ലിറ്റിൽ കൈറ്റ്സ് പരിശീലനം വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെഭാഗമായ ഡിജിറ്റൽ മാഗസിൻ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചതിലുള്ള സന്തോഷം ഈ അവസരത്തിൽ പങ്കുവയ്ക്കുന്നു. ക്ലബ്ബിൻെറ പരിശീലകരാകാൻ അവസരം ലഭിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടെ, ജനുവരി 19 ബഷീർ ദിനത്തിൽ 'നവധ്വനി' ഡിജിറ്റൽമാഗസിൻ ഏവരുടേയും മുന്നിൽ ഞങ്ങൾ സമർപ്പിക്കുന്നു.

(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)



അമ്പിളി എസ്
എച്ച് എസ് എ ഹിന്ദി



ധന്യ എസ്
എച്ച എസ് എ മലയളം

&

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ടീം.
ഗവ എച്ച് എസ് എസ് ഇരവിപുരം. കൊല്ലം

# എഡിറ്റോറിയൽ

**സർഗശേഷിയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന നൂതന സംരംഭം,ഒരു ഡിജിറ്റൽ മാഗസിൻ ആയി രൂപകൽപന ചെയ്യുന്നു. ശ്രേഷ്ഠഭാഷ പദവി നേടിയ മലയാളംഭാഷയിൽ തയ്യാറാക്കിയ "നവധ്വനി "ഡിജിറ്റൽ മാഗസിൻ,ആസ്വാദകർക്കും അണിയറയിൽ പ്രവർത്തിച്ചവർക്കും നവോർജ്ജം പ്രദാനംചെയ്യുമെന്ന പ്രതീക്ഷയോടെ,**



**ആസിയാജഹാൻ**
**സ്റ്റുഡന്റ്സ് എഡിറ്റർ**

## നവധ്വനിക്ക് പിന്നിൽ




***ടീം ലിറ്റിൽ കൈറ്റ്***


മലയാളത്തിന്റെ
സ്വന്തം സുൽത്താൻ
മാന്ത്രിക ബഷീർ
ഉൾക്കാഴ്ചയുടെ
ഉയരമുള്ള മതിലുകളും
തീവ്രസങ്കടങ്ങളുടെ....
ബാല്യകാലസഖിയും...
സമൂഹത്തിന്റെ പുഴുക്കുത്തുകൾക്കെതിരെ...
ഗർജ്ജിച്ച ശബ്ദങ്ങളും സമ്മാനിച്ച്
മലയാളത്തെ വിശ്വസാഹിത്യത്തിലേക്കുയർത്തിയ
വൈക്കം മുഹമ്മദ് ബഷീറിന്റെ
ചരമവാർഷികദിനം - ജൂലൈ 5
ബഷീറിനെപ്പറ്റി ബഷീർ
വിദ്യാരംഗം സാഹിത്യവേദി
GVHSS
ഇരവിപുരം

## നവധ്വനിക്കുള്ളിൽ..........................


1. മിത്രം........................................................ 14

2. ജീവന്‌വിലയിട്ടദിവസം............................... 18

3. puzzle........................................................ 20

4. ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ് റിപ്പോർട്ട്...... 22

5 . ചാന്ദ്രദിനം................................................... 24

6. മദ്യവും മയക്കമരുന്നുംഒരുക്കുന്ന സുവർണ്ണാവസരം 25

7. സാഗരം ........................................................ 26

8. വാട്ട്സപ്പ് പ്രളയം............................................... 27

9. ആത്മാർത്ഥ സുഹൃത്ത്.........................................30

10 പ്രളയമാം ദുഖം........................................................ 31

11. സുന്ദരിത്തത്ത........................................................... 32

12. റോസ്മല.................................................................. 33

13. വ്യത്യാസങ്ങൾ.................................................. ... 34

14. SHE THE ULTIMATE POWER ..................................35

15. പ്രളയം................................................................ 37

16. പൂമ്പാറ്റകൾ.......................................................... 37

17. അപ്പുവിന്റെ സ്നേഹം................................................ 39

18. പരിസ്ഥിതിദിനാചരണം..........................................36

19. പച്ചകറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യം...40

20. क्यों...................................................................42

21. സ്കൂൾകലോത്സവം., പ്രംചന്ദ്ദിനാചരണം....................... 44

22.WORLD CONSERVATION DAY...............................45

23. അധ്യാപകദിനം.., റോഡ്സുരക്ഷാദിനം.......................  47

24. ഗാന്ധിജയന്തി ഫോട്ടോ എക്സിബിഷൻ..........................  48

25. ദൈവത്തെകണ്ട നിമിഷം..........................................50

26. പ്രളയദുരന്തം...........................................................52

27. മഴവില്ല്..............................................................  53

28. ശാസ്ത്രഗേവഷണത്തിൽ കൂട്ടായ്മയുടെ വിജയം ..................54

29. കട്ടിവരകളിലൂടെ.......................................................56-59

30. AMAZING NUMBER CHART , NUMBER PUZZLE.60

31. WIFS programme-എന്തിന്?.................................... 61

32. തിരനോട്ടം.......................................................62-78

33. INNOVATION IN EDUCATION...............................79

34. ചിത്രശലഭം......................................................80

35. പ്രകാശസംശ്ലേഷണം...............................................82

36. കീരി.................................................................84

37. മഴയില്ലാഭ്രമിയിൽ വെള്ളമില്ല.......................................88

38. തിരുശേഷിപ്പ്.......................................................89

39. ലിറ്റിൽ കൈറ്റ്സ് ഉപ – ജില്ലാതലക്യാമ്പ്.......................94

## മിത്രം



ഞാനും ലക്ഷ്മിയും,ഗീതയും .ഞങ്ങൾ ഒരു ക്ലാസ്സ് മുറിയിൽ ഒരു ബെഞ്ചിൽ ഇരുന്ന് പഠിക്കുന്ന കട്ട കൂട്ടുകാരായിരുന്നു .

നാല് വർഷം ഞങ്ങൾ അടിച്ച് പൊളിച്ചു .
എന്നാൽ അഞ്ചാം വർഷം ഗീതയെ സ്കൂളിൽ നിന്ന് മാറ്റി വളരെ യേറെ വിഷമമായി . എന്നാൽ അതേ വർഷം തന്നെ ഞങ്ങളുടെ ബെഞ്ചിലേക്ക് ഒരു പുതിയ അതിഥി കടന്നുവന്നു .അനുപമ .

എല്ലാവരും അവളെ അനു എന്ന് വിളിക്കുമായിരുന്നു.
എന്തോ? എനിക്ക് അവളെ പെട്ടെന്ന് അംഗീകരിക്കാനായില്ല.
ഗീതയുടെ സ്ഥാനം കൊടുക്കാനും കഴഞ്ഞില്ല .അവൾ ഗീത ഇരുന്നടത്താണ് ഇരിക്കുന്നതും . അവളോട് എനിക്ക് എന്തോ ഒരുകൽച്ച തോന്നി .ഞാൻ അവളെ അനു എന്ന് വിളിക്കില്ലായിരുന്നു .എന്നാൽ നേരെ വിപരീതമായിട്ടായിരുന്നു അവൾ. എന്നെ വളരേ ഇഷ്ടമാണ് ഞാൻ ചോദിക്കാതെ തന്നെ അവൾ എനിക്ക് പുതിയ പുതിയ വസ്തുക്കളൊക്കെ തരുമായിരുന്നു .
അവൾ ഒരു പേന വാങ്ങിയാൽ ഒരു പേന എനിക്കും വാങ്ങുമായിരുന്നു .ഭക്ഷണം കഴിക്കാനിരുന്നാൽ

എന്തെങ്കിലും  പുതിയത് കൊണ്ടു വന്നാൽ  അവൾ എനിക്കും തരുമായിരുന്നു .പക്ഷെ ഇതൊന്നും എനിക്ക് അങ്ങോട്ട് അംഗീകരിച്ച് അവളെ ഒരു പ്രിയ കൂട്ടുകാരിയായിട്ട് കാണാനായില്ല .ഗീത പോയതിന് ശേഷം ഞാൻ ആസ്നേഹവും കൂടി ലക്ഷ്മിക്ക് കൊടുത്തു. എനിക്ക് അവളെ വളരെ ഇഷ്ടമായിരുന്നു .

ഒരു ദിവസം സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്ക്  പോകാൻ തീരുമാനിച്ചു .ഞാനും ലക്ഷ്മിയും അനുപമയും മറ്റുകുട്ടികളും പേര് കൊടുക്കുകയും പോകാൻ തയ്യാറാവുകയും ചെയ്തു . അങ്ങനെ യാത്ര തിരിച്ചു. കാട്ടിലൂടെയൊക്കെയുള്ള  യാത്രയായിരുന്നു.

ബസ് ഒരിടുത്ത് നിർത്തി. ഒരു കുന്നായിരുന്നു  ബസ്സിൽ നിന്ന് പുറത്തേക്ക് നോക്കിയപ്പോൾ  കണ്ടത്. കുട്ടികളെല്ലാം പുറത്തിറങ്ങി ഒരേര്ത്തരും ഓരോ ഇടത്തേക്ക് നീങ്ങി കുറച്ച് നേരം അവിടെ ചുറ്റി പറ്റി നിന്നതിന് ശേഷം ഒരു ആറിന് അടുത്തേക്ക് നീങ്ങി അതിന്റെ തീരത്ത് ചിന്നിചിതറിയ പോലെ ഞങ്ങൾ പലയിടങ്ങളിലായ് ഇരുന്നു.ഒരു വനത്തിന്റെ അന്തരീക്ഷമായിരുന്നു  അവിടെ ചുറ്റും വൃക്ഷങ്ങളും ചെടികളും കൊണ്ട് നിറഞ്ഞിരുന്നു,  പക്ഷെ അവിടെ ആളുകൾ വരുന്നു സന്ദർഷിക്കുന്നു . ഞാനും ലക്ഷ്മിയും അവിടെയുള്ള ഒരു പാറയുടെ അടുത്ത് ചെന്നിരുന്നു

കൂടെ അനുപമയും വന്നിരുന്നു  ഞാൻ അപ്പോൾ ലക്ഷ്മിയുടെ വലത്ത് ഭാഗത്തേക്ക്  മാറിയിരുന്നു .

കുറച്ച് നേരം സംസാരിച്ചിരിന്നപ്പോഴാണ് ആ ശബ്ദം കേട്ടത്  . കുറച്ച് നേരം അതിലേക്ക്  ശ്രദ്ധിച്ചപ്പോഴാണ് മനസ്സിലായത് അതൊരു പാമ്പിന്റെ  ശ്........ശ്...... എന്ന ശബ്ദമാണ് കേൾക്കുന്നതെന്ന്.പെട്ടന്ന് ഞങ്ങൾ  ഇരുന്നു  പാറയുടെ അരികിൽ  നിന്ന്  പാമ്പ്  ഇഴഞ്ഞ് വരുന്നത് കണ്ടു     ഞങ്ങൾ  മൂവരും ഭയന്നു . അത് ഇഴഞ്ഞ് അടുത്തേക്ക് വന്നു  ലക്ഷ്മി അത് കണ്ട് അവിടെ നിന്ന് എങ്ങനെയോ ഓടി . ഞാൻ  നടുങ്ങി

ലക്ഷ്മി എന്നെ തനിച്ചാക്കിയല്ലോ എന്നോർത്ത് ഞാൻ നിശ്ചലമായി അപ്പോഴാണ് ആരോ കമ്പും കല്ലുമൊക്കെയെടുത്ത് പാമ്പിനെ ഓടിക്കാൻ ശ്രമിക്കുന്നത് കണ്ടത് . ഞാൻ ഞെട്ടിപ്പോയി  അത്രയും

നാൾ ഞാൻ ഒരു കൂട്ടുകാരിയുടെ സ്ഥാനം നൽകാതിരുന്നിട്ടും എനിക്ക് നേരെ നിൽക്കുന്ന പാമ്പിന്റെ വിഷത്തിൽ നിന്നും എന്നെ രക്ഷിക്കാൻ വേണ്ടി അനുപമ കഷ്ടപ്പെടുന്നത് .  ലക്ഷ്മി എന്നെ  വിട്ടിട്ട് പോയതിന്റെ സങ്കടവും ഞാൻ വിലകൊടുക്കാതിരുന്ന അനുപമ എനിക്ക് വേണ്ടി കഷ്ടപ്പെടുന്നതും കണ്ട് ഞാൻ സ്ഥംഭിച്ചുപോയി . അനുപമ കാട്ടികൂട്ടിയ ബഹളങ്ങൾ ക്കൊടുവിൽ പാമ്പ് മറ്റൊരിടത്തക്ക് ഇഴഞ്ഞു നീങ്ങി എനിക്ക് ശ്വാസം നേരെ വീണു . ഞാൻ മുന്നോട്ടു നടന്നു . എന്റെ മനസ്സിൽ ഒടുങ്ങാത്ത ചിന്തകളായി തിരിഞ്ഞ് നടന്നു.

അനുപമയെ പോയി ഒന്ന് കെട്ടിപ്പുണർന്ന് നന്ദി പറയാൻ എന്റെ മനസ്സ് മന്ത്രിച്ചു. ഞാൻ തിരിഞ്ഞു നോക്കി. അനുപമ അവിടെ തന്നെ നിന്ന് എന്നെ നോക്കുന്നുണ്ടായിരുന്നു. എന്റെ മനസ്സ് മന്ത്രിച്ചത് ഞാൻ അവളുടെ കണ്ണുകളിൽ കണ്ടു.പിന്നെ ഞാൻ പോലുമറിയാതെ എന്റെ കാലുകൾ അവളുടെ അടുത്തേക്ക് ഓടാൻ തുടങ്ങി. അടുത്ത് ചെന്ന് ഞാൻ അവളെ കെട്ടിപ്പിടിച്ചു.അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു.ഞാൻ അവളെ സ്നേഹത്തോടെ അനു എന്ന് വിളിച്ചു. അന്ന് ഞാൻ മനസ്സിലാക്കി ,നമ്മുടെ കൂടെ ഉണ്ടായിരുന്നിട്ടും നാം വില നൽകാത്ത സ്നേഹത്തിന് ഒരു പക്ഷേ നാളെ നമ്മുടെ ജീവിതം കൊണ്ട് കടപ്പെട്ടിരിക്കും . അന്നു അനു ഇല്ലായിരുന്നെങ്കിൽ രണ്ട് കാര്യങ്ങൾ മനസ്സിലാകില്ലായിരുന്നു.ഒന്ന് അനുവിന്റെ സ്നേഹം. രണ്ട് എന്താണ് സൗഹൃദം എന്ന്. ഞാൻ ജീവിതത്തിൽ അമ്മയേയും അച്ഛനേയും-ഗുരുവിനുംശേഷംഅനുവിനോടാണ് ഞാൻ കടപ്പെട്ടിരിക്കുന്നത്.

ആസിയാജഹാൻ. എസ്

1X C

# ജീവന് വിലയിട്ട ദിവസം



ഒരുവർഷം ആരും ഏറ്റെടുക്കാൻ ഇല്ലാത്ത ഒരു പത്താം ക്ലാസിന്റെ ചാർജ് എനിക്ക് കിട്ടി. ഇതിനുമുമ്പ് രണ്ട് പുരുഷകേസരികൾ കൈകാര്യം ചെയ്തക്ളാസാണ്. വെല്ലുവിളികൾ നിറഞ്ഞക്ലാസാണെന്ന് ആദ്യമെ മുന്നറിയിപ്പ്കിട്ടിയിരുന്നു. ഈ പുരുഷ കേസരികൾ ഈ കുഞ്ഞുങ്ങളിൽ ആവോളം വിദ്വേഷം കുത്തി നിറച്ചിരുന്നുയെന്ന് പിന്നീടാണ് മനസിലാക്കുന്നത്. അതിലൊരാളാകട്ടെ തനിക്ക് വിരോധമുള്ള അധ്യാപകരെ കുട്ടികളെകൊണ്ട് കൂവിവിളിച്ചും, വാൽ ഒട്ടിച്ചും, അവരെ തെറിവിളിപ്പിച്ചും ആനന്ദം കണ്ടെത്തിയിരുന്നു. എന്നിരിന്നാലും എന്നാലാകുന്നവിധം ക്ലാസ്സ്കൈകാര്യം ചെയ്തുപോന്നു.

വല്ലാതെ ക്ഷീണം അനുഭവപ്പെട്ട ഒരുദിവസം. ഒരു ഡോക്ടറെ കൊണ്ട് ബിപിയും ചെക്ക് ചെയ്ത് സ്കൂളിലെത്തിയ എന്നെ കാത്തിരുന്നത് ശിവൻ സാറിന് വാല് ഒട്ടിച്ച എന്ന വാർത്തയായിരുന്നു.എന്റെ കുട്ടികൾ അത്തരം പ്രവർത്തി ചെയ്തു എന്നത് എനിക്ക് സഹിക്കാൻകഴിഞ്ഞില്ല. ദേഷ്യത്തോടെ ക്ലാസ്സിൽ കയറിയ ഞാൻ എല്ലാവരെയും തല്ലി. ആ സമയത്ത് കുട്ടികൾ ആരും തന്നെ ഒന്നും പറഞ്ഞില്ല. ഉച്ചയ്ക്ക് അഞ്ചാം പിരീഡ് ക്ലാസ്സിൽ എത്തിയ ഞാനറിഞ്ഞത് അഞ്ച് കുട്ടികൾ പരാതിയുമായി പ്രധാനാധ്യാപകന്റെഅടുത്തു പോയി എന്നാണ് . എനിക്ക് ഒന്നുകൂടി അരിശംകയറി. ഞാൻ നേരെ ഓഫീസ്റൂമിലേക്ക് ചെന്നു. പക്ഷേ അവിടെ ചെന്ന ഞാൻ ഞെട്ടിപ്പോയി. ഞാൻ അടിച്ച എന്ന് അവിടെ പറഞ്ഞിട്ടില്ല. എനിക്കെതിരെ ഒരു പരാതിയുമില്ല. മറിച്ച് തലേന്ന് അടിച്ച അധ്യാപകനെതിരെ നടപടി വേണമെന്നാണ് അവരുടെ ആവശ്യം .

ഈ സമയം ഒരു മനുഷ്യൻ ഇതെല്ലാം വീക്ഷിച്ച് പുറത്ത് നിൽക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. അയാൾ എന്തിനാണ് ഇവിടെ എന്ന് മനസ്സിലായില്ല.

ആരാണ് എന്ന് ചോദിക്കാൻ തുടങ്ങുംമുമ്പ് അയ്യാൾ മുകളിലേ ക്ളാസ്റൂമിലേക്ക് പോകാൻതുടങ്ങി. അഷ്റഫ്, (അദ്ദേഹം നമ്മുടെ സ്കൂളിലെ കഞ്ഞിവെപ്പുകാരനാണ് അതിലുപരി നമ്മുടെ സ്കൂളിന്റെ മുതലാളി എന്ന് പറയാനാണ് എനിക്ക് ഇഷ്ടം) ഓടിവന്നു എന്നോട് പറഞ്ഞു "ടീച്ചറേ അത് ഏതോ പത്രപ്രവർത്തകൻനാണ്." എനിക്ക് അപകടം മണത്തു. ഞാൻ വേഗം ക്ളാസിലേക്ക് പാഞ്ഞു. മുന്നോട്ട് നടന്നപ്പോൾ ക്ലാസ്സിലെ വലിയ ചട്ടമ്പി എതിരെ വരുന്നു . ഞാൻ ചോദിച്ചു "നിങ്ങൾ എനിക്കെതിരെ പത്രപ്രവർത്തകരെ കൊണ്ടുവന്നു അല്ലേ?" അവൻ അത്ഭുതത്തോടെ എന്നെ നോക്കി.

അവൻ ഓടി ക്ലാസ്സിൽ കയറി കൂടെ ഞാനും . അപ്പോൾ കാണുന്നത് ആ മനുഷ്യൻ ഒരുകുട്ടിയുടെ കൈയുടെ മുറിഞ്ഞ ഭാഗം പരിശോധിക്കുകയാണു ഒപ്പം എന്തൊക്കയോ ചോദ്യങ്ങൾ ചോദിക്കുന്നുമുണ്ട് . അപ്പോഴേക്കും ചട്ടമ്പി കുട്ടി റഹ്മാൻ പത്രപ്രവർത്തകന്റെ കൈപിടിച്ചുമാറ്റി കൊണ്ടു ചോദിച്ചു "നിങ്ങളാരാണ് ഇതെല്ലാം ചോദിക്കാൻ? അതിനിവിടെ ഞങ്ങളുടെ ടീച്ചറുണ്ട്." "ഹും! ഞങ്ങളുടെ ടീച്ചർ ! അവരല്ലെ നിങ്ങളെ അടിച്ച്പൊട്ടിച്ചത്?" അയ്യാൾ ആക്രോശിച്ചു. **"അതെ ഞങ്ങളുടെ ടീച്ചർ ചിലപ്പോൾ ഞങ്ങളെ അടിക്കും, ചിലപ്പോൾ ചവിട്ടും, ചിലപ്പോൾ ഇടിക്കും അത് താൻ അറിയേണ്ടകാര്യമില്ല?"** റഹ്മാൻ പറഞ്ഞുതീരുംമുമ്പ്ക്ലാസ്സിലും വരാന്തയിലും കുട്ടികളെ കൊണ്ട് നിറഞ്ഞു. അപ്പോഴേക്കും മറ്റ്ക്ളാസുകളിൽ നിന്നും സഹപ്രവർത്തകരും എത്തി.

നിമിഷനേരംകൊണ്ട് പത്രപ്രവർത്തനും കുട്ടികളുംതമ്മിൽ കയ്യാങ്കളി വരെയെത്തി . എത്ര പറഞ്ഞിട്ടും അവർ നിർത്തുന്നില്ല. ബീന ടീച്ചർ കുടികളെഅനുനയിപ്പിക്കാൻ ശ്രമിച്ചു. അയ്യാൾ കുട്ടികളെ കൂടുതൽ പ്രകോപിച്ചുകൊണ്ടിരുന്നു. കുട്ടികൾ അയ്യാളെ ഉപദ്രവിക്കുമെന്നഘട്ടമായി .എങ്ങനെയെങ്കിലും അയാളെ തള്ളി ക്ലാസിന് വെളയിലാക്കി. അയ്യാൾ ആക്രോശിച്ചുകൊണ്ടേയിരുന്നു "നിന്നെ ഞാൻ കാണിച്ചുതരാം. നിങ്ങളുടെ ടീച്ചർ അടിച്ചതല്ലെഉള്ളൂ . നീയൊക്കെ വെളിയിൽ വാടാ ,നിന്നെ കാണിച്ചുതരാം .അടി എന്താണെന്ന് ഞാൻ കാണിച്ചുതരാം. " കുട്ടികൾ അയ്യാളെ കൂകിവിളിക്കാൻ തുടങ്ങി . ഞങ്ങൾ അധ്യാപകർക്ക് അത്ഭുതത്തോടെ പരസ്പരം നോക്കിനിക്കാനെ കഴിഞ്ഞുള്ളൂ. എന്റെ അധ്യാപനജീവിതത്തിലെ ഒരിക്കലും മറക്കാൻപറ്റാത്ത ഒരേടായി ആ സംഭവം.

# Puzzle

1. 148/296+35/10=1,what is the speciality of this ?

*Ans;* The numbers from 0-9 have been used.

2.Which is the largest number which can be made by using 1 four times ?

*Ans;* $11^{11}$

3.1one large box contain six small boxes contain six small boxes. what is the total number of boxes ?

*Ans;* 1+(6+[6*6])

=43 boxes .

## Maths tricky questions

1.Replace the ? By the correct mathematics symbols to make the expression true

18 ? 12 ? 4 ? 5 =59

*ans;* 18*12/4+5 = 59

2.By using numbers 7 ,3 ,7 ,3 and with any maths signs can you make the number as 24 ?

*ans;* 3[3/7+3] =24.

3.Find the smallest positive mathematical number which is spelt in an alphabetical order ?

*Ans;* 40

magic of numbers

1.can you solve this

put any mathematical signs

2 2 2 =6
3 3 3 =6
4 4 4=6
5 5 5=6
6 6 6=6
7 7 7=6
8 8 8=6
9 9 9=6

*ans;* 2+2+2=6
3*3-3=6
$\sqrt{4}+\sqrt{4}+\sqrt{4}=6$
[5/5]+5=6
[6-6]+6=6
7-[7/7]=6
$\sqrt[3]{8}+\sqrt[3]{8}+\sqrt[3]{8}=6$
$\sqrt{9}*\sqrt{9}-\sqrt{9}=6$

The magic of 37

37*3 = 111
37*6 = 222
37*9 = 333
37*12 = 444
37*15 = 555
37*18 = 666
37*21 = 777
37*24 = 888
37*27 = 999 Maya L,HSA Maths

# ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ്





# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ക്യാമ്പ്

2018-19 അധ്യായന വർഷത്തെ സ്കൂൾതല ക്യാമ്പ് ഓഗസ്റ്റ് നാലാം തീയതി ശനിയാഴ്ച നടത്തി. കൈറ്റ് മിസ്ട്രസ് മാരായ അമ്പിളി എസും ധന്യ എസും RP ആയ അജിത് ടീച്ചറും കൂടി വളരെ നല്ലരീതിയിൽ ക്യാമ്പ് കൈകാര്യം ചെയ്തു 36 അംഗങ്ങൾ ക്യാമ്പിന് പങ്കെടുത്തു ക്യാമ്പിലെ ഉദ്ഘാടനം പിടിഎ പ്രസിഡണ്ട് ശ്രീ. ശരീഫ് കുട്ടി അവർകൾ നടത്തി അധ്യക്ഷൻ സീനിർ അസിസ്റ്റൻറ് അജിത ടീച്ചർ വേദിയിൽ  കൈറ്റ് മിസ്ട്രസ്  മാരുടെയും മറ്റ് അധ്യാപകരുടെയും സാന്നിധ്യം ശ്രദ്ധേയമായിരുന്നു .അംഗങ്ങൾക്ക് നല്ലരീതിയിൽ ക്യാമ്പ് കൈകാര്യം ചെയ്യാൻ സാധിച്ചു. അനിമേഷൻ സിനിമ തയ്യാറാക്കാൻ അംഗങ്ങളെ പ്രാപ്തരാക്കുക എന്നതായിരുന്നു ക്യാമ്പിനെ ലക്ഷ്യം. ആദ്യ സെക്ഷനിൽ ഓപ്പൺഷോട്ട് വീഡിയോ എഡിറ്ററിൽ വീഡിയോ ചേർക്കാനും എഡിറ്റ് എഡിറ്റ് ചെയ്യാനും പഠിപ്പിച്ചു .mic സെറ്റിംങ്ങും ഒഡാസിറ്റിയിൽ ശബ്ദം നടത്താനും പഠിപ്പിച്ചു .ഓപ്പൺഷോട്ട് വീഡിയോ എഡിറ്ററിൽ ചേർക്കാനും അവ ഒരു ആനിമേഷൻ വീഡിയോ എക്സ്പോർട്ട് ചെയ്യാനും പഠിപ്പിച്ചു .വളരെ നല്ല ക്യാമ്പ് ആയിരുന്നു മറ്റ് ക്യാമ്പുകളെ കാൾ നന്നായി കുട്ടികൾ ആസ്വദിച്ചു.

ലിറ്റിൽ കൈറ്റ്സ് അഗംങ്ങൾക്ക് വേണ്ടി



അംജദ്.എൻ
ലിറ്റിൽ കൈറ്റ്സ് ലീഡർ

# ചാന്ദ്രദിനം

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനം വളരെ വിപുലമായി ആഘോഷിച്ചു. സ്പെഷ്യൽ അസംബ്ലി കൂടി. ചാന്ദ്രദിന പ്രഭാഷണം നടത്തി.



ഇതോടനുബന്ധിച്ച് നടത്തിയ ക്വിസ്സ് മത്സരത്തിൽ താഴെപ്പറയുന്ന കുട്ടികൾ സമ്മാനാർഹരായി.

1 Irfana S 9c

2 Sameera S meera 9D

3 Nejila 10A

വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകി. ചാന്ദ്രദിനത്തോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകൾ പ്രദർശിപ്പിച്ചു. കൂടാതെ അതേ ദിവസംതന്നെ നടത്തിയ വീഡിയോ പ്രദർശനം ഒന്നാം ക്ലാസ് മുതൽ ഉള്ള കുട്ടികൾ ആസ്വദിച്ചു.

## മദ്യവും പുകവലിയും

## ഒരുക്കുന്ന സുവർണ്ണാവസരം.....



സന്തോഷ വാർത്ത!

എല്ലാ മദ്യപാനികൾക്കും പുകവലിക്കാർക്കും ഒരു സന്തോഷവാർത്ത.

ഒന്നാം സമ്മാനം :മരണം

രണ്ടാം സമ്മാനം : ക്യാൻസർ

മൂന്നാം സമ്മാനം :മാറാരോഗങ്ങൾ

30 രൂപ മുടക്കി മദ്യവും 3 രൂപ മുടക്കി സിഗരറ്റും വാങ്ങുന്നവർക്ക് ആശുപത്രിയിൽ ഒരു ബെഡ്ഡും 5 വർഷത്തിനുള്ളിൽ പരലോകത്തേക്ക് പോകാനുള്ള യാത്രയും സൗജന്യം....

"ലഹരിയും വിദ്യാർത്ഥിയും .... "

പുകയില , പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനാൽ ഇന്ത്യയിൽ മിനിട്ട് ഇടവിട്ട് ഓരോ വ്യക്തിയും വിദ്യാർത്ഥികളും ക്യാൻസറിന് അടിമയായി ത്തീരുന്നു. സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മുതൽ മുതിർന്ന പൗരൻമാർ വരെ ലഹരി വസ്തുക്കളിൽ ആകർഷിക്കപ്പെടുന്നു. ഇതിന്റെ ദൂഷ്യഫലങ്ങൾ മൂലം ശരീരാവയവങ്ങളായ തൊണ്ട , ചുണ്ടിന് ഉൾവശം , ശ്വാസ കോശം തുടങ്ങിയ സ്ഥലങ്ങളിൽ ക്യാൻസർ മുതലായ രോഗങ്ങൾ ബാധിക്കുന്നു . ഈ തലമുറ ലഹരിയിൽ അടിമപ്പെട്ടു കഴിഞ്ഞു . ഇനിയുള്ള തലമുറയെങ്കിലും ലഹരി വസ്തുക്കളിൽ അടിമപ്പെടാതിരിക്കട്ടെ .....

**Aswani.S. Baiju**
**+2 civil**

# സാഗരം

സാധ്യത തൻ സാഗരം മുന്നിൽ കിടക്കേ
സാധൂകരിക്ക നീ നിന്റെ വിലാപം
ശാന്തിയിൽ മുങ്ങി നിവരു നീ മെല്ലെ
ശാന്തമായി നിൻ ചിന്ത കൃത്യമാക്കൂ

സുഖ ദുഖഃമില്ലാത്തിതെന്തോരു ജീവിതം
അരിശത്തിൽ അലയിടച്ചിങ്ങനെങ്ങവെ
ആഴിതൻ ആകാര ഭംഗിയെ ആരുമേ
കാണാൻ ശ്രമിക്കില്ല എന്ന സത്യം

സ്വപ്നമായി മാറിടും നിന്റെ ദു:ഖം
വെറും ചിന്തയായ് മാറിടും നിൻ വിലാപം
ഭംഗിയും കാന്തിയും ശോഭയും തേടൂ നീ
ചിന്താകുലനായി നീങ്ങിടൂ നീ

കിട്ടിടും നിൻ ചോദ്യത്തിൻ ഉത്തരങ്ങൾ
കിട്ടാതിതെങ്ങനെ പോയിടാനാ
നീതിയും ധർമ്മവും ശാന്തിയും സ്വപ്നവും
വന്നിടും വന്ന് ചെർന്നിടും നിൻജീവനിൽ
വന്നിടും വന്ന് ചെർന്നിടും.

നസീം.എൻ ix c

# വാട്ട്സാപ്പ് പ്രളയം

മഴ.......തോരാത്ത മഴ
ദിവസങ്ങൾ പലതായി
പ്രളയം....ഡാമുകൾ തുറക്കും
യെല്ലോ അലർട്ട്.....ഓറഞ്ച് അലർട്ട്
റെഡ് അലർട്ടും പ്രഖ്യാപിച്ചു.
മുല്ലപ്പെരിയാർ ഉടൻ പൊട്ടും
പരിസ്ഥിതി സ്നേഹികളുടെ
കവിതാ പ്രവാഹം......
കാരണക്കാരാര്? നമ്മൾ തന്നെ!
ഹൃദയമുള്ളവന് കുറ്റബോധം!




പ്രളയം.....അകപ്പെട്ടവരുടെ വേദന
എല്ലാം നഷ്ടപ്പെട്ടവന്റെ നിലവിളി
ജീവനുവേണ്ടി....യാചിക്കുന്നു.
രക്ഷാപ്രവർത്തനം...ലോകത്തിനു മാതൃക
ചങ്കിടിപ്പോടെ കണ്ടു....
കടലിൻെറ മക്കൾ....കരുത്തർ
മുതുക് ചവിട്ടാൻ കൊടുത്തതും
രക്ഷാമാർഗ്ഗം തെളിച്ചതും

ടെക്നോളജിയുടെ കുതിപ്പ്

പ്രളയത്തേക്കാൾ വേഗത്തിൽ

സഹായ ഹസ്തങ്ങൾ...

പെരുമഴയായ് പെയ്തിറങ്ങി

എന്റെ നാട്ടിന്റെ....നാട്ടുകാരുടെ സ്നേഹം

കൺകുളിർക്കെ കണ്ടു

ഞാനും പലതും ഫോർവേർഡ് ചെയ്തു

പലപ്പോഴും എന്റെ വാട്ട്സാപ്പിൽ

ഒരു കൈ കൊടുക്കാൻ മറന്നില്ല

തൊഴുകൈകളും ഉണ്ടായിരുന്നു

പ്രളയം മാറി

പിന്നെ വന്നതു ബാക്കി പത്രം

വീണ്ടും കുറ്റബോധം

ഇനി വൃത്തിയാക്കൽ

- പുനർ നിർമ്മാണം

വൃത്തിയാക്കാൻ മാന്ത്രിമാർ

കണ്ടപ്പോൾ അല്പം അഭിമാനം തോന്നി

വോട്ടു ചെയ്തതിൽ

സഹായം സ്വീകരിക്കൽ

ആശയകുഴപ്പം ......വിവാദം

നഷ്ട കണക്കിൽ

സഹായങ്ങൾ.....തികയില്ല

കണ്ക്കുകളുടെ......പ്രളയം കണ്ട്

വീണ്ടം ഞെട്ടൽ.......

ഇതിനിടയിൽ അധ്യാപകരെച്ചൂണ്ടി

റവന്യൂവകുപ്പിന്റെ കുത്ത്.....

മറുപടി ഇടാൻ ഞെരിപിരി കൊണ്ടിരിക്കെ

ഒരു ഉഗ്രൻ മറുപടി പോസ്റ്റ്

സമാധാനം......കണ്ടവർക്കൊക്കെ

ഫോർവേർഡ് ചെയ്തു.....കൈയ്യും കൊടുത്തു

സാലറി ചലഞ്ച്.....കേട്ടപ്പോൾ

പ്രളയം തലക്ക് പിടിച്ചു

പിറ്റേ ദിവസം.......ഒപ്ഷൻ വന്നു

കുട്ടി കുറച്ച്....ഗുണിച്ച് ഹരിച്ച്

രക്ഷയില്ല.......എങ്കിലും

കൊടുത്തവർ കൊടുക്കാത്തവരെയും

കൊടുക്കാത്തവർ കൊടുത്തവരെയും

ഇലഭ്യരാക്കുന്ന പോസ്റ്റ്

തീരെപ്പിടിച്ചില്ല....

ആലോചിച്ചിരിക്കെ....നാടിനോട്സ്നേഹം

നാട്ടാരോടു സ്നേഹം....

എന്റെ കേരളം....വാട്സപ്പ് പോസ്റ്റ്

ഒന്നും ഓർമ്മയില്ല..... ഒരു ഒപ്ഷൻ സ്വീകരിച്ചു......ഒപ്പിട്ടു

വീണ്ടും പോസ്റ്ററുകളുടെ

തീരാപ്രളയം.....വാട്സപ്പിൽ

കണ്ണിനും മനസ്സിനും കുളിർമയേകുന്ന

നല്ല പോസ്റ്ററുകളും പ്രതീക്ഷിച്ച്...

എന്റെ വാട്സപ് പ്രളയം....

ഗായത്രി.എസ് , പി.ഡി.ടീച്ചർ r

## ആത്മാർഥ സുഹൃത്ത്

സുന്ദരവനം എന്ന ഗ്രാമത്തിത്തിലാണ് അനുവും വിനുവും താമസിച്ചിരുന്നത് . വിനുവിനു ഒരു കൂട്ടുകരനുണ്ട് മനു.നാട്ടുകാർക്കെല്ലാം അനുവിനെ ഇഷ്ടമായിരുന്നു .കാരണം അവൻ നല്ല സ്വഭാവമുള്ളവനും പരോപകാരിയുമായിരുന്നു .എന്നാൽ മനുവിനെയും വിനുവിനെയും നാട്ടുകാർക്ക്ഇഷ്ടമായിരുന്നില്ല .അവർ ആർക്കും നല്ലത് ചെയ്യില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം വിനുവും മനുവും റോഡിലൂടെ നടന്നു പോകുകയായിരുന്നു അപ്പോൾ ഒരു പട്ടിആ റോഡിലൂടെ പോകുന്നതു മനുവും വിനുവും കണ്ടു . മനു വിനുവിനോട് പറഞ്ഞു ആ പട്ടിയെ ഒരു കല്ല് എടുത്ത് എറിയാൻ. ഉടനെ തന്നെ വിനു അവിടെക്കിടന്ന ഒരു കല്ല് എടുത്ത് ആ പട്ടിയെ എറിഞ്ഞു. ആ പട്ടിക്ക് ദേഷ്യം വന്നു.ആ പട്ടി അവരുടെ അടുത്തേക്ക് ഓടി .ആ പട്ടി അവർക്ക് നേരെ ഓടി വരുന്നതുകണ്ട് മനു വിനുവിനെ നോക്കാതെ ഓടി പ്പോയി .വിനു പട്ടിയെപ്പേടിച്ച് ഓടുകയായിരുന്നു. അപ്പോഴാണ് ആ റോഡിലൂടെ അനു സൈക്കളിൾ വരുന്നത് വിനു കണ്ടത് . വിനു ഓടി അനുവിന്റെ അടുത്ത് ചെന്ന് നടന്ന കാര്യം പറഞ്ഞു .അപ്പോൾ അനു പറഞ്ഞു 'ദേ പട്ടി വരുന്നു നീ പെട്ടെന്ന് സൈക്കളിൾക്കയറ് അല്ലെങ്കിൽ അത് നിന്നെക്കടിക്കും' അപ്പോൾ വിനു അവന്റെ സൈക്കളിൽ കയറി. അപ്പോൾ അനു അവന്റെ സൈക്കളിൾ വിനുവിനെ കൊണ്ടുപോയി, പട്ടിയുടെ കടിയിൽ നിന്നും രക്ഷിച്ചു . വിനുവിനെ ആപത്തിൽ സഹായിച്ച അനു ഒരു യഥാർത്ഥ സുഹൃത്താണ് എന്നും അനുവിന് വിനുവിനോട് സ്നേഹമാണ് വിരോധമില്ലെന്നും അവന് മനസ്സിലായി .അതോടൊപ്പം തന്നെ മനു ഒരു നല്ല സുഹൃത്തല്ല എന്ന സത്യവും അവന് മനസ്സിലായി. പിന്നിട് അനുവും വിനുവും നല്ല സുഹൃത്തുക്കളായി മാറി.

ദേവിക, 8 സി



# പ്രളയമാം ദുഃഖം

കേരളത്തിലെ പ്രളായമാം ദുഃഖം...

പ്രളയം കൊണ്ട് വന്ന ദുഃഖമാം ദിവസം.
പ്രളയം വന്നു എല്ലാ മനുഷ്യർക്കും ദുഃഖം വരുത്തി.
പ്രളയത്തെ നേരിട്ട മനുഷ്യരുടെ ദുഃഖം.....
കേരളത്തിലെ പ്രളയത്തിൽ നഷ്ടപെട്ട പ്രകൃതിയുടെ ദുഃഖം.....



കേരളത്തെ
തളർത്തികൊണ്ടാണ്
ഇതുപോലൊരു പ്രളയം വന്നത്..
പ്രളയെത്ത നേരിട്ടപ്പോൾ മരിച്ച
മനുഷ്യരെ കാണുമ്പോൾ ഉള്ള ദുഃഖം...
കേരളത്തിൻദുഃഖമാം
ദിവസം......



മുഹമ്മദ് അലി ട, 9C

# സുന്ദരിത്തത്ത



തത്തിക്കളിക്കും
സുന്ദരിത്തത്ത
പച്ചയുടുപ്പിട്ട
സുന്ദരിത്തത്ത
പാറിപ്പറക്കും
സുന്ദരിത്തത്ത
ചുണ്ടുച്ചുവന്നൊരു
സുന്ദരിത്തത്ത
പുത്തൻ കതിരുകൾ കൊത്തിപ്പറക്കും
കുട്ടിക്കുറുമ്പി സുന്ദരിത്തത്ത
പട്ടുപോലുള്ള നിൻപുത്തനുടുപ്പിൽ
ഒന്നുതൊടട്ടേ ഇത്തിരിനേരം.

ഹലിമ ആർ
പി.ഡി.ടീച്ചർ,
ഗവ.വി.എച്ച്.എസ്.എസ്.ഇരവിപുരം

# റോസ് മല

തെക്കൻ കേരളത്തിലെ തമിഴക്കത്തോട് ചേർന്ന് കിടക്കുന്ന ആര്യൻകാവ് എന്ന സ്ഥലത്തുനിന്നു 12 കിലൊമീറ്റർ വനത്തിലൂടെ സഞ്ചരിച്ചാൽ റോസ് മല എന്ന കൊച്ച ഗ്രമത്തിൽ എത്താം . ഇന്ത്യയിലെ ആദ്യത്തെ വന്യജിവി സങ്കേതമായ തെന്മലയുടെ ഭാഗമയതിനാൽ ധാരാളം വിനോദസഞ്ചരികൾ ഇവിടം സന്ദർശിക്കാൻ എത്തുന്നുണ്ട്. ധാരാളം അരുവികളും വെള്ളച്ചാട്ടങ്ങളും സിംഹവാലൻ കുരങ്ങുകളും മലമുഴക്കി വേഴാമ്പലും മറ്റ വന്യജിവികളും കൊണ്ട് സമ്പന്നമാണ് ഈ ഗ്രാമം. മറ്റെവിടെയും കാണാത്ത തരം കുറിഞ്ഞി മരങ്ങൾ ഉള്ളതിനാൽ ശെന്തുരുണി വന്യജീവിസങ്കേതം എന്നും ഇവിടം അറിയപ്പെടുന്നുണ്ട്.

ഇവിടെ എകദേശം 2000 എക്കർ ജനവാസ കേന്ദ്രമാണ് . 200 ൽ അധികം കുടുബങ്ങൾ ഇവിടെ താമസിക്കുന്നു . ആര്യങ്കാവിൽ നിന്നും റോസ് മലയിലേക്കുള്ള പാത വളരെ മോശം ആയതിനാൽ യാത്ര വളരെ ബുദ്ധിമുട്ടാണ് . രാവിലെയും വൈകിട്ടും കെ.എസ്.ആർ.ടി.സി ബസ്സ് സർവിസ് നടത്തുന്നു. തെന്മല



പരപ്പാർ അണക്കെട്ടിന്റെ ഒരു ഭാഗമാണിവിടം . ഇവിടെയുള്ള വ്യൂവിങ്ങ് ടവറിൽ നിന്ന് നോക്കിയാൽ പരപ്പാർ അണക്കെട്ടിന്റെ ഭാഗം കാണാം. ഇവിടെ ഒരു യു.പി സ്കൂൾ സ്ഥിതിചെയുന്നു. ധാരാളം ജീപ്പുകൾ ട്രിപ്പ് നടത്തുന്നതിനാൽ യാത്രക്കാർക്ക് എളുപ്പമാവുന്നു. അതിസുന്ദരമായ ഈ സ്ഥലം റോസ് മല എന്ന് അറിയപ്പെടുന്നു.

ആസിക് മുഹമ്മദ്, 8.ബി

# വ്യത്യാസങ്ങൾ

ഞാൻ ഒരു കുട്ടിയായിരുന്ന സമയത്ത് എന്നെ നോക്കാൻ ഒരുപാട് ആളുകൾ ഉണ്ടായിരുന്നു. പക്ഷേ ഞാൻ വളർന്നു. എന്നെ നോക്കാൻ ആളുകൾ കുറഞ്ഞു. എനിക്ക് ഒരുപാട് ആഗ്രഹങ്ങൾ ഉണ്ട്. ഞാൻ അതൊക്കെ സാധ്യമാക്കും. എന്റെ ഒന്നാമത്തെ ആഗ്രഹം നല്ലൊരു ജോലി വാങ്ങണം.പിന്നെ സ്വന്തം ചെലവിൽ വാപ്പയേയും ഉമ്മയേയും നോക്കണം.



ഒരു പക്ഷേ ഞാൻ പ്രതീക്ഷിച്ചതിനുമപ്പുറമാണ് ഇന്നത്തെ സ്കൂൾ വിദ്യാഭ്യാസം. പണ്ടൊക്കെ എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസസാധ്യത കുറവായിരുന്നു .സ്കൂളുകളിൽ കമ്പ്യൂട്ടറോ മറ്റുപകരണങ്ങളോ ഇല്ലായിരുന്നു. എന്നാൽ ഇന്നോ?? ഓരോ സ്കൂളുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകളും അതോടൊപ്പമുള്ള പരിശീലനവും കുട്ടികൾക്ക് ലഭ്യമാകുന്നു. ഭൗതികമായ വിദ്യാഭ്യാസം നമ്മുടെ സ്കൂളുകളിൽ ലഭിക്കുന്നു. എന്റെ ആഗ്രഹം എല്ലാവർക്കും ഉയർന്ന വിദ്യാഭ്യാസമാണ് കിട്ടേണ്ടത്. ആർക്കും ദാരിദ്ര്യം മൂലം അവരുടെ വിദ്യാഭ്യാസം നഷ്ടപ്പെടാൻ പാടില്ല. ചൈൽഡ് റൈറ്റ്സ് മാത്രമല്ല,കുട്ടികളിൽ കർത്തവ്യബോധവും വേണം.എന്റെ മറ്റൊരു ആഗ്രഹമാണ് നല്ലൊരു കുടുംബജീവിതം . ഇന്നത്തെ കുടുംബജീവിതങ്ങൾക്കൊന്നും ഒരു കെട്ടുറപ്പില്ല. എല്ലാ കുടുംബങ്ങളിലും കലഹവും ഡൈവോഴ്സുമായി നാശത്തിന്റെ വക്കിൽ നിൽകുകയാണ്. സ്നേഹത്തോടും സമൃദ്ധിയോടും കഴിയുന്ന കുറച്ച് കുടുംബങ്ങൾ മാത്രം അവശേഷിക്കുന്നു.എന്തെങ്കിലുമൊക്കെ കാരണം കൊണ്ട് ഇല്ലാതാകുന്നു. അതിനൊരു നിയന്ത്രണം വരുത്തണം.

പണ്ടൊക്കെ കുട്ടികൾ മര്യാദയും അച്ചടക്കവുമുള്ളവരായിരുന്നു. എന്നാൽ ഇന്നത്തെ കുട്ടികൾസ്വന്തം മാതാപിതാക്കളെ പോലും അനുസരിക്കുന്നില്ല. ഇതിനൊക്കെ എന്ന് മാറ്റം വരുമോ എന്തോ????

---

സെയ്ദലി .എസ്
IX C

# *((( SHE.... THE ULTIMATE POWER)))....*

*Behind every successful man there is a Woman. All great men have acknowledged this fact in their autobiography. Yet it is surprising to note that there is little change in the crippled attitude of the society towards women. This is the reason why the atrocities against women continue to take place even today in this so called modern educated and developed society.*

*woman are the fulcrums around which the family revolve. Nature has gifted them special attributes so that the human race would continue to grow and prosper. Women play a crucial role in life. Mary Mother of Jesus was an instrumental behind the first miracle of Jesus at the wedding feast in Canan. The former American president Barack Obama, a popular media figure was always seen with his wife and daughter. Many a times he himself has admitted that his wife is his strength and that he*

*use to take the opinion of official affairs. Even Abraham Lincoln, the great American president who abolished slavery, is indented to his mother for all his success.*

*There was a time in India when women were deprived of their basic rights and shut up within the fourwall of the kitchen. But the situation has changed a lot today. Woman are even venturing into new fields that were still recently considered to be the exclusive domains of male like aviation, defence and even space. History gives us evidence of many great woman who managed to get their names written in the golden pages of history Mrs. Indira Gandhi , St. Teresa of Culcutta [Mother Teresa]. Helen Keller, Rani of Jhansi, Malala, Florence Nightingale and the like....*

*However , they constitute only a minority of the women of the world. There are many,who are suppressed living in a gang in the different corners of the world. As Malala said in her UN speech- Education is the solution to all these problems. Women should be educated of there basic rights and men should educated to respect a family. The hand that rocks the cradle rules the world*

*അശ്വനി.എസ്,[+2civil]*

## പ്രളയം

ഒരു പ്രളയം വന്ന് നമ്മുടെ നാട് തകരറായില്ലേ......
ഇനി ഒരു ജിവിതം എങ്ങനെയണ് അറിയില്ല....
സമ്പത്ത് മുഴവൻ നഷ്ടമായി എല്ലാവർക്കും....
ഒരുപാട് ആളുകൾ ലോകം വിട്ടുപോയി
ഇനി നമുക്ക് ആരാണ് രക്ഷ?
അറിയില്ല ദൈവമേ ഞങ്ങൾക്ക്......

റമീസജഹാംഗീർ, 5 ബി

## പൂമ്പാറ്റകൾ



പൂമ്പാറ്റ പൂമ്പാറ്റ തേൻ
കുടിക്കും പൂമ്പാറ്റ
പാറിനടക്കും പൂമ്പാറ്റ
ഌളിനടക്കും പൂമ്പാറ്റ
പൂമ്പൊടി പരത്തും പൂമ്പാറ്റ
ഓരോരോ പൂവിനും ഉമ്മകൊടുത്തു പൂമ്പാറ്റ
പൂവിൻ കാതിൽ കൊഞ്ചിപ്പാടി പൂമ്പാറ്റ
പുള്ളിയുടുപ്പിട് പുഞ്ചിരിയോടെ വരും പൂമ്പാറ്റ
സ്നേഹം പകർത്തി പൂമ്പാറ്റ
മഴവിൽ നിറമായി പൂമ്പാറ്റ

അൽസാബിത്ത്,5 ബി

# അപ്പുവിന്റെ സ്നേഹം

ഒരിടത്ത് ഒരിടത്ത് അപ്പു എന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ മാതാപിതാക്കൾ വിദേശത്തേക്ക് പോയി അവന്റെ വിദ്യാഭാസത്തിനു വേണ്ടി മുത്തച്ഛന്റ അടുത്ത് നിർത്തി . മുത്തച്ഛൻ അവനെ നന്നായി വളർത്തി.

സ്നേഹിക്കാനും ബഹുമാനിക്കാനും നല്ല കര്യങ്ങളും പഠിപ്പിച്ചു. ഒരു ദിവസം വിദ്യാലയത്തിലേക്കു പോകുകയായിയിരുന്നു. ഒരു വൃദ്ധൻ ആഹാരത്തിനു വേണ്ടി കെഞ്ചുന്നതുകണ്ടു. അവന്റ കണ്ണുകൾ നിറഞ്ഞു. അവന്റെ ചോറ്റു പാത്രമെടുത്ത് കൊടുത്തു അങ്ങനെ കുറേ ദിവസം ഇങ്ങനെ കൊടുത്തു .അയാളും അപ്പുവും കുട്ടുകാരായി.

ഒരു ദിവസം രാവിലെ അവൻ വന്നുനോക്കുമ്പോൾ അയാൾ മരിച്ചിരിക്കുന്നതു കണ്ടു . അവന് വളരെ സങ്കടമായി. അദ്ദേഹത്തന്റെ മൃതദേഹമടക്കിയിരിക്കുന്ന സ്ഥലത്ത് അവൻ ഏറ്റവും ഇഷ്ടമുള്ള റോസാപ്പൂവ് വയ്ക്കുമായിരുന്നു. പെട്ടെന്ന് അവന്റെ മാതാ പിതാക്കൾ വിദേശത്ത് നിന്ന് വന്ന് അവനെ കൊണ്ടുപോയി . എങ്കിലും അവധിക്ക് വന്ന് മുത്തശ്ശനേയും കണ്ട് ആ മനുഷ്യന്റെ കല്ലറയിൽ റോസാപ്പൂവും വയ്ക്കുമായിരുന്നു. നമ്മൾ എല്ലാവരെയും സ്നേഹിക്കുക സ്നേഹത്തിനെക്കാൾ വലുതായ് ഒന്നുമില്ല ....

---

ഫാത്തിമ എൻ
V A

## പരിസ്ഥിതിദിനാഘോഷം



ജൂൺ 5 പരിസ്ഥിതിദിന പരിപാടികൾ വളരെ ഗംഭീരമായി ആഘോഷിച്ചു. സ്പെഷ്യൽ അസംബ്ലി കൂടി. പരിസ്ഥിതി ദിനത്തിൻറെ പ്രാധാന്യം വിശദീകരിച്ചു . കൗൺസിലർ ശ്രീമതി സുജയുടെ സാന്നിധ്യത്തിലായിരുന്നു പരിസ്ഥിതിദിനാഘോഷം . കർഷകശ്രീ ശ്രീ ശങ്കരൻ നായരെ ഈ ചടങ്ങിൽ ആദരിച്ചു. പച്ചക്കറികളുടെ നടീൽ, മിക്സിങ്ങ് എന്നിവയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

### സ്കൂൾപച്ചക്കറിത്തോട്ടം



കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂൾ പച്ചക്കറിത്തോട്ടത്തിന്റെ രൂപകൽപനയുടെ മുന്നൊരുക്കമായി. മുൻകൂട്ടി തയ്യാറാക്കി വെച്ചിരുന്ന 20 ഗ്രോബാഗുകളിൽ പച്ചമുളക്, വഴുതന, വെണ്ട, തക്കാളി, ചീര തുടങ്ങിയ പച്ചക്കറി തൈകൾ നട്ടു പിടിപ്പിക്കുക ഉണ്ടായി.



പ്രിൻസിപ്പാൾ ശ്രീമതി പ്രിയ എസ് രാജ് , സീനിയർ അസിസ്റ്റൻറ് അജിത, SMC, PTA, MPTA അംഗങ്ങളും കാർഷിക ക്ലബ്ബ് അംഗങ്ങളും ഉദ്ഘാടന പരിപാടിക്ക് നേതൃത്വം നൽകി . പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. കുട്ടികൾക്ക്, മാവ്, പ്ലാവ് തുടങ്ങിയവയുടെതൈകൾവിതരണംചെയ്തു. നിശ്ചിതകാലയളവിൽ പച്ചക്കറികളുടെ വിളവെടുപ്പ് നടത്തുകയും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

## സ്കൂൾ ഔഷധത്തോട്ടം



സ്കൂൾ ഔഷധത്തോട്ടത്തിന്റെ നിർമ്മാണവും,പരിപാലനവും പരിസ്ഥിതി ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. പൂച്ചട്ടികളിലും ഗ്രോബാഗുകളിലുമായി കറ്റാർവാഴ, മഞ്ഞൾ , ആടലോടകം, കച്ചോലം, തിപ്പലി,ഞവര,നെല്ലി തുടങ്ങി ഔഷധസസ്യങ്ങളുടെ ഒരു വലിയ

കളക്ഷൻ തന്നെ നമുക്കുണ്ട്.

## ജൈവവൈവിധ്യക്ളബ്ബ്



അവളരെ സജീവമായി പ്രവർത്തിക്കുന്ന ജൈവവൈവിധ്യക്ളബ്ബാണ് നമ്മുടെ സ്കൂളിനുള്ളത്. ജൈവവൈവിധ്യപാർക്കിന്റെ നിർമ്മണം വസാനഘട്ടത്തിലാണ്. പാർക്കിന്റെ ഭാഗമായി പടിതക്കുളവും, പുൽമേടും നിർമ്മിച്ചിരിക്കുന്നു. വിവിധതരം സസ്യങ്ങളെക്കൊണ്ട് നമ്മുടെ സ്കൂളിനെ ജൈവസമ്പന്നമാക്കാൻ ക്ളബ്ബിന് സാധിച്ചു.

പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും, കുട്ടികളോടും-അധ്യാപകരോടുമൊപ്പം അനധ്യാപകരുടെയും പങ്ക് എടുത്തു- പറയേണ്ട ഒന്നാണ്.

# क्यों?

मैं पूछती हूं क्यों?

ऐसा क्यों?

उस पर ही क्यों ?

क्योंकि वह औरत है।

वे कहेंगे – "वह केवल औरत है"

सोचती हूं क्या कमी है उसमें?

कमी ? कमी तो है उसमें।

लेकिन हर कमी के पीछे वे हैं।

वे यह कभी न मानेंगे – पारिवारिक बंधन से

सामाजिक बंधनों के चंगुल में फंस कर

परिवार को खुश देखने

समाज को खुश देखन

वह अपने व्यक्तित्व को अपने में ही सिमट देती है ।

यही उसकी विडंबना है।

वही सच है इसका अर्थ यह नहीं

कि उसका कोई व्यक्तित्व नहीं ।

उनसे  ज्यादा है क्योंकि परिवार के लिए

समाज के लिए अपने आप को कुर्बान करती है वह।

गौर से देखो तो उसमें बुद्धि है
शक्ति है, धैर्य है,
और दम है
लेकिन पर्दे के पीछे ।




**पहनती है पर्दा कभी–कभी,**
**पहनाती है पर्दा कभी–कभी,**
**पहनना पड़ता है उसे पर्दा कभी कभी;**
जो भी हो वह पर्दे के पीछे ।
अगर उसने पर्दे के आगे आने की कोशिश की
तो समझो
उसे मानसिक रूप से परास्त कर दिया जाएगा ।

यह तो सच है, कुछ
इन पर्दों को फाश कर आगे आने में सक्षम निकली।
उससे ज्यादा बहुत है इस दुनिया में,
पर्दाफाश करने की क्षमता न रखनावाली।
परिवार से डरती है , समाज से डरती हैं,
काश , यह दुनिया उसे उनकी तरह देखता
यह दुनिया उसकी है ।

AMBILI S
HSA HINDI
GVHSS ERAVIPURAM,KOLLAM

## സ്കൂൾ കലോത്സവം 2018



സ്കൂൾ കലോത്സവം 2018 -19 ബഹുമാനപ്പെട്ട ശ്രീ നൗഷാദ്എം.എൽ.എ ഉദ്ഘാടനം ചെയ്തു .പിടിഎ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. പി.ടി.എ. മെംബേർസ് ,മദർ പി.ടി.എ മെമ്പർ, സ്കൂൾലീഡർ ഫാത്തിമ എന്നിവർ സന്നിഹിതരായിരുന്നു. യൂത്ത് ഫെസ്റ്റിവൽ കൺവീനറായ ശ്രീനിവാസൻ സാർ കലോൽസവ പരിപാടികൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട എച്ച്. എം ശ്രീ. ശശികുമാർ സാർ സ്വാഗതമാശംസിച്ചു, വിവിധ കലാമത്സരങ്ങൾ നടന്നു.വിജയികൾക്ക് സമ്മാനം നൽകി ആദരിച്ചു.

## പ്രേംചന്ദ് ദിനം

ഹിന്ദി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ പ്രേംചന്ദ് ജയന്തി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് പ്രബന്ധരചനാ മത്സരം, ക്വിസ് മത്സരം എന്നിവ നടത്തി. വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു ,അക്കാദമിക മാസ്റ്റർ പ്ലാൻ

അനുസരിച്ച് ഹിന്ദിയിൽ കുട്ടികൾക്ക് ആശയവിനിമയശേഷി ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഹിന്ദി കോർണർ സജ്ജീകരിച്ചു.

WORLD CONSERVATION DAY

പൊതു വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ഹരിതോത്സവ പരിപാടിയുടെ 4ാം ഉത്സവമായ ലോക പ്രകൃതി സംരക്ഷണ ദിനാചരണം G V H S S ൽ ആചരിക്കുകയുണ്ടായി.ഇതിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ പ്രസംഗമുണ്ടായിരുന്നു. കുട്ടികൾ പ്രാദേശിക പ്രശ്നങ്ങൾ മുൻനിർത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥയെ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ചാർട്ടുകൾ പ്രദർശിപ്പിച്ചു.ശേഷം 'സുഹൃത്തിനൊരു കറിവേപ്പ്' എന്ന പേരിൽ കറിവേപ്പിൻ തൈകൾ കൈമാറി.സ്കൂളിലെ ഏറ്റവും പ്രായം ചെന്ന വൃക്ഷമായ അരയാലിനെ മുത്തശ്ശി മരമായി അംഗികരിച്ച് പൊന്നാടയണിയിച്ച് ആദരിച്ചു.ശേഷം കുട്ടികൾ ശ്രീ സുഗതകുമാരി ടീച്ചറുടെ 'ഒരു തൈ നടാം', ഒരുപാട d പിന്നെയും,ഇഞ്ചിക്കാട് ബാലചന്ദ്രന്റെ ഇനി വരുന്നൊരു തലമുറയ്ക്ക് എന്നീ ഗാനങ്ങൾ ആലപിച്ചു. കിളികൾക്ക് കുളിക്കാനും കുടിക്കാനുമായി മൺപാത്രങ്ങളിലും പാളയിലും വെള്ളം വെച്ചു.മുത്തുമുത്തശ്ശിയെ വണങ്ങി പരിപാടി അവസാനിപ്പിച്ചു.










## _അധ്യാപകദിനം -സെപ്റ്റംബർ 5

സെപ്റ്റംബർ 5 അധ്യാപക ദിനമായി ആഘോഷിച്ചു. കുട്ടികൾ ഗുരുവന്ദനം നടത്തി .സ്പെഷ്യൽ അസംബ്ലി കൂടി .കുട്ടികൾ വിവിധ ക്ലാസുകളിൽ ക്ലാസെടുത്തു .അധ്യാപകദിന പ്രാധാന്യത്തെക്കുറിച്ച് പ്രസക്തിയെ കുറിച്ചും ചർച്ചകൾ സംഘടിപ്പിച്ചു.

## റോഡ് സുരക്ഷ സന്ദേശം

റോഡ് സുരക്ഷ സന്ദേശവുമായി കന്യാകുമാരിയിൽ നിന്നും കാശ്മീരിലേക്ക് യാത്രചെയ്യുന്ന, ശ്രീ സുബ്രഹ്മണ്യ കേരള സ്റ്റേറ്റ് ഭാരത് ഇരവിപുരം തട്ടാമല യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ അങ്കണത്തിൽ ഊഷ്മളമായ സ്വീകരണം നൽകി .റോഡ് സുരക്ഷയെ കുറിച്ച് പൊതുസമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ ബോധവൽക്കരണസന്ദേശവും നൽകി. അദ്ദേഹം യാത്ര തുടർന്നു. ചടങ്ങിൽ എസ് ജി ജില്ലാ സെക്രട്ടറി ശ്രീ അസോസിയേഷൻ സെക്രട്ടറി ശ്രീ മെയിൻസ്, ലീഡർ വിനീത, മറ്റ് അധ്യാപകർ, കുട്ടികൾ എന്നിവർ സംബന്ധിച്ചു. ചടങ്ങിൽ യാത്രക്കാരായ കുട്ടികൾക്കായി റിഫ്ലക്ടർ വിതരണം ചെയ്തു.

## ഗാന്ധിജയന്തി ഫോട്ടോ എക്സിബിഷൻ

ഇംഗ്ലീഷ്-സോഷ്യൽ സയൻസ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ 10- 10- 2018 ന് ഗാന്ധിജയന്തി ഫോട്ടോ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികൾ പ്രദർശനം കണ്ടു .ഗാന്ധിജിയുടെ ജീവിതത്തിലെ വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന ഫോട്ടോയും ഗാന്ധിജിയുടെ ജീവിത സന്ദേശം വിളിച്ചോതുന്ന ചിത്രങ്ങൾ എന്നിവ പ്രദർശനത്തിന് ആകർഷണമായിരുന്നു .

ഇംഗ്ലീഷ് ടീച്ചർ സുലഭ ടീച്ചറും മിനി ടീച്ചറും സോഷ്യൽസയൻസ് അധ്യാപികമാരായ ശ്രീമതി ഷീജാ കുമാരി ,ശ്രീമതി ഷൈലജ, യു.പി വിഭാഗത്തിലെ ഗായത്രി ടീച്ചർ ,എൽ.പി വിഭാഗത്തിലെ ദീപ്തി ടീച്ചർ എന്നിവർ എക്സിബിഷന് നേതൃത്വം നൽകി. ഉച്ചയ്ക്കുശേഷം സ്കൂൾ ഗ്രൗണ്ട് വിവിധ സോണുകളായി കുട്ടികൾ വൃത്തിയാക്കുകയും ചെയ്തു.


बंदर
मिसारु
इवसारु
किकसारु









# ദൈവത്തെ കണ്ട നിമിഷം

പ്രായമായ അമ്മയെ കാണാൻ മക്കളും മകളും അമേരിക്കയിൽനിന്നു വന്നതിന്റെ സന്തോഷത്തിലായിരുന്നു ആ അമ്മൂമ്മ. ഒരു വലിയ വീട്ടിൽ ഒറ്റക്കായിരുന്നു ഇത്രയും നാൾ. ദിവസവും അതുവഴി വരുന്ന മീൻകാരി മേരി മാത്രമേ ആ വീടിനുള്ളിൽ കയറിയിരുന്നുള്ളു. ദിവസവും മേരിക്ക് പ്രഭാതഭക്ഷണം ആ അമ്മ നൽകിയിരുന്നു .അത്രയും സ്നേഹമായിരുന്നു മേരിയോട്. അന്നും പ്രഭാതഭക്ഷണം അമ്മ മേരിക്ക് കൊടുത്തു. ഇതു കണ്ട മകൾ, മേരി പോയതിനുശേഷം അമ്മയെ ഒരുപാട് വഴക്കുപറഞ്ഞു. "എന്തിനാണ് അമ്മേ ഇവരെയൊക്കെ വീട്ടിനകത്തിരുത്തി ആഹാരം കൊടുക്കുന്നത്?".

അപ്പോൾ അമ്മ ഒന്നും പറഞ്ഞില്ല. രണ്ടുദിവസം കഴിഞ്ഞ് മകളും മക്കളും അമേരിക്കയിലേക്ക് തിരിച്ച് പോയി. ഒരുമാസത്തിനുശേഷം അവിടെ വെള്ളപ്പൊക്കം ഉണ്ടായി മറ്റുള്ളവരുടെ വീടുപോലെ അമ്മയുടെ വീട്ടിലും വെള്ളം കയറാൻ തുടങ്ങി. മകൾ അമേരിക്കയിൽനിന്നും ഫോൺ ചെയ്യുന്നുണ്ട്. എങ്ങനെയെങ്കിലും അമ്മ രക്ഷപെട്ടു. പക്ഷേ അപ്പോഴേക്കും വെള്ളം പൊങ്ങിത്തുടങ്ങി. അമ്മയ്ക്ക്

മനസ്സിലായി, ഇനി തന്നെയാർക്കും രക്ഷിക്കാൻ പറ്റില്ല; ദൈവത്തിനല്ലാതെ.

അമ്മ നേരെ പൂജാമുറിയിൽ പോയി. ദൈവത്തോട് പ്രാർത്ഥന തുടങ്ങി. എന്നെ രക്ഷപ്പെടുത്തു ദൈവമേ....... വെള്ളം ആ അമ്മയുടെ കഴുത്തിന്പൊക്കത്തിലേക്ക് വന്നുകൊണ്ടിരുന്നു. അമ്മ പ്രാർത്ഥന നിർത്തിയില്ല . ഇനി മരണം തന്നെ . അപ്പോഴാണ് അത്ഭുതം എന്ന് പറയട്ടെ, തന്റെ തോളിൽ ആരോ കൈവെച്ചു. " വാ അമ്മേ, ഞാൻ ബോട്ടിൽ കൊണ്ടുപോകാം" അമ്മയ്ക്ക് വിശ്വസിക്കാൻ പറ്റിയില്ല. "കുഞ്ഞേ നീ എങ്ങനെ അറിഞ്ഞു ഈ വീട്ടിൽ ഞാൻ ഉണ്ടെന്ന്? " അവർ അത്ഭുതത്തോടെ അവനോട് ചോദിച്ചു . എന്റെ അമ്മ എന്നും ഇവിടെ മീൻ വിൽക്കാൻ വരും,മേരി എന്നാണ് അമ്മയുടെ പേര്". അവൻ മറുപടി നൽകി" എന്റെ മേരിയുടെ മകനാണോ നീ ?........!"

Krishna anilkumar
V B

## പ്രളയദുരന്തം

പ്രളയത്തെ നമ്മൾ
നേരിട്ടിരുന്നു...
പ്രളയം ലോകമാകെ
പടർന്നു....
നമ്മുടെ കേരളം
മുങ്ങിമറഞ്ഞു...



കേരളം മുഴുവൻ ഞെട്ടിവിറച്ചു....
നമ്മുടെ നാട്ടിലെ കൃഷിയിടങ്ങളെല്ലാം..
പ്രളയം കൊണ്ട് നാശനഷ്ടം വിതച്ചു....
പ്രളയത്തിൽ പെട്ട നമ്മളെ രക്ഷിക്കാൻ..
പാവം മത്സ്യത്തൊഴിലാളികൾ തന്നെ
ഇറങ്ങി............

നാദിർഷ എൻ , IX D



# മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
കാണാൻ നല്ലൊരു മഴവില്ല്
ഒന്നു തൊടട്ടേ മഴവില്ലേ
ഒന്നുവരാമോ മഴവില്ലേ
അരികിൽ വന്നാൽ മായരുതേ
" റ" പോലൊരു മഴവില്ല്
ഏഴു നിറത്തിൽ മഴവില്ല്
മഴ...മഴ...മഴ...മഴ...മഴവില്ല്.



**saidali.T.S**
**II A**

# ***ശാസ്ത്രഗവേഷണത്തിൽ കൂട്ടായ്മയുടെ വിജയം***

ശാസ്ത്രഗവേഷണരംഗത്ത് ഏറെ അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത് .കൂട്ടായും രാജ്യ-ദേശ-ഭാഷാ ഭേദമില്ലാതെയും നടന്നുകൊണ്ടിരിക്കുന്ന ഒട്ടേറെ ഗവേഷണ കൂട്ടായ്മകളുടെ ശ്രമഫലമായി ഏറെ നമ്മൾ മുന്നോട്ട് പോയിരിക്കുന്നു. 20-ാം നൂറ്റാണ്ടിൽ ശാസ്ത്ര രംഗത്തുണ്ടായ ശ്രദ്ധേയമായ സിദ്ധാന്തമായിരുന്നു ആൽബർട്ട് ഐൻസ്റ്റീന്റെ (ആപേക്ഷികതാ സിദ്ധാന്തം ) സൂര്യൻ ഉൾപ്പെടെയുള്ള നക്ഷത്രങ്ങളിൽ നിന്നുള്ള ഊർജ്ജം, ആറ്റംബോംബ്, ഹൈഡ്രജൻ ബോംബ് എന്നിവയുടെയെല്ലാം ഊർജ സ്രോതസ്സുകൾ തുടങ്ങിയവ ഈ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ തെളിയിക്കപ്പെട്ടു. ഭൗതിക ശാസ്ത്രത്തിലെ ഏറ്റവും മനോഹരവും ഭാവനാത്മകവുമായ സിദ്ധാന്തമാണിതെന്ന് വിശേഷിപ്പിക്കപ്പെട്ടുമ്പോഴും അതിൽ ഉൾപ്പെട്ടിരിക്കുന്ന ഗുരുത്വ തരംഗങ്ങൾ വികിരണങ്ങളുടെ അദൃശ്യസാന്നിദ്ധ്യം തെളിയിക്കപ്പെടാതെ അവശേഷിക്കുകയായിരുന്നു.

2015 സെപ്റ്റംബർ14-ന് ഗുരുത്വതരംഗങ്ങളുടെ സാന്നിദ്ധ്യം ആദ്യമായി രേഖപ്പെടുത്താൻ സാധിച്ചത് ഈ വിഷയത്തിലുണ്ടായ ഏറ്റവും വലിയമുന്നേറ്റ മായിരുന്നു. സമീപകാലത്ത് ഭൗതികശാസ്ത്രത്തിലുണ്ടായ സുപ്രധാന കണ്ടെത്തലായിരുന്നു ഇത്. 2017-ൽ ഭൗതികശാസ്ത്രത്തിലെ നോബൽ സമ്മാനം ഈ ഗുരുത്വതരംഗ പരീക്ഷണങ്ങൾക്കായിരുന്നു. ലേസർ ഇൻഫർമോമീറ്റർ ഗ്രാവിറ്റേഷണൽ വേവ്ഒബ്സർവേറ്ററി എന്ന ഭീമൻ പരീക്ഷണകേന്ദ്രം ഉപയോഗിച്ച് വിവിധ രാജ്യങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരുടെ കൂട്ടായ്മയുടെ വിജയമായിരുന്നു ഇത്.റൈനർവീസ്,കിപ്.എസ്.തോൺ,ബാരിബാരിഷ് എന്നീ അമേരിക്കൻശാസ്ത്രജ്ഞൻമാർക്കായിരുന്നു2017-ലെ ഭൗതികശാസ്ത്രത്തിലെ നോബൽ സമ്മാനം, ഗുരുത്വതരംഗങ്ങളുടെ കണ്ടു

പിടിത്തത്തിന് ലഭിച്ചത്.

ഏതാനും ചില ഒബ്സർവേറ്ററികളിൽ മാത്രം പതിയുന്ന അദൃശ്യ റേഡിയേഷനുകളെക്കുറിച്ച് കൗതുകപൂർണ്ണമായ പഠനം നടത്തി ഇവയെ കണ്ടെത്താനാവുമെന്ന ഉറച്ച വിശ്വാസമുള്ളവരായിരുന്നു ആ ശാസ്ത്രജ്ഞർ. ആദ്യ ഘട്ടങ്ങളിൽ പരാജയം നേരിട്ടെങ്കിലും 2004 ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ വിജയം കൈവരച്ചു. നമ്മുടെ സമീപത്തുള്ള സൂര്യന്റെ 30 മടങ്ങിലേറെ ഭാരമുള്ള മരിച്ച നക്ഷത്രങ്ങൾ തമോഗർത്തങ്ങൾ കൂടിച്ചേർന്നതുവഴി രൂപപ്പെട്ടതാണ് ഈ തരംഗങ്ങളെന്ന് സംശയമന്യേ തെളിയിക്കപ്പെട്ടു.1.3 ബില്യൺ വർഷങ്ങൾ സഞ്ചരിച്ചാണ് ഈ തരംഗങ്ങൾ ലൈഗോയിലെ ഡിറ്റക്ടറുകളിൽ എത്തിയത്.പ്രപഞ്ചത്തിൽ കോടിക്കണക്കിന് തമോഗർത്തങ്ങൾ ഉള്ളതായി വിശ്വസിക്കപ്പെടുന്നു.2017 ആഗസ്റ്റിലടക്കം മൂന്നുതവണകൂടി ഈഗുരുത്വതരംഗങ്ങളുടെസാന്നിദ്ധ്യംരേഖപ്പെടുത്തുകയുണ്ടായി .ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തം ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടുവെന്നു മാത്രമല്ല തമോഗർത്തങ്ങളുടെ [black holes]സാന്നിദ്ധ്യം നേരിട്ടു ബോധ്യപ്പെട്ടു. ശൈശവദശയിലുള്ള പ്രപഞ്ചത്തിന്റെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ മഹാവിസ്ഫോടന സമയത്ത് രൂപപ്പെട്ട ഗുരുത്വതരംഗങ്ങൾ സഹായകമാകുമെന്ന് കരുതപ്പെടുന്നു.പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ പരിമിതമായ അറിവുകളെ വിപുലപ്പെടുത്താൻ ഗുരുത്വതരംഗങ്ങളുടെ കണ്ടുപിടിത്തം സഹായകമാകുമെന്ന് കരുതപ്പെടുന്നു.


BINDHU P.L
HSA( P.S)


# കുട്ടിവരകളിലൂടെ..................................



# കുട്ടിവരകളിലൂടെ..............................







# കുട്ടിവരകളിലൂടെ..................................




















# കുട്ടിവരകളിലൂടെ................................


SHIHABUDHEEN




ASIYA HASHIM


SHIHABUDHEEN




SAIDALI


MUHAMMED IRFAN.H


NEERANJAN .K


SAYEDALI

## AMAZING NUMBER CHART

| | | | | | | |
|---|---|---|---|---|---|---|
| 1 | x | 8 | + | 1 | = | 9 |
| 12 | x | 8 | + | 2 | = | 98 |
| 123 | x | 8 | + | 3 | = | 987 |
| 1234 | x | 8 | + | 4 | = | 9876 |
| 12345 | x | 8 | + | 5 | = | 98765 |
| 123456 | x | 8 | + | 6 | = | 987654 |
| 1234567 | x | 8 | + | 7 | = | 9876543 |
| 12345678 | x | 8 | + | 8 | = | 98765432 |
| 123456789 | x | 8 | + | 9 | = | 987654321 |

BY
AFSANA.J.ANSAR
V.B

## NUMBER PUZZLE

| | | |
|---|---|---|
| 2 | 10 | |
| | 4 | |
| 3 | 20 | |

BY
AFSANA.J.ANSAR
V.B

SOLVE THIS ?

ANSWERS
(2.16.6.8)

## *WIFS programme-എന്തിന്?*

*എന്താണ് WIFS programme ? " weekly iron folic acid supplimentation" എന്നാണ് ഇതിന്റെ പൂർണ്ണ-രുപം.എന്താണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം? ഇത് സ്കൂളുകളിൽ നടപ്പിലാക്കിയതിന്റെ അവശ്യകതയെന്താണ്?*
*ഈ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് നമ്മുക്കൊന്ന് മനസ്സിലാക്കാം..*

*കൗമാരക്കാരായ അൺകുട്ടികളിലും പെൺകുട്ടികളിലും കണ്ടുവരാറുള്ള ഒരു ഗുരുതരമായ പ്രശ്നമാണ് അനീമിയ (വിളർച്ച). ഇതിനുള്ള കാരണങ്ങളിൽ ഒന്നാണ് ശരീരത്തിലെ ഇരുമ്പിന്റെ അഭാവം. ഇതിനുള്ള പരിഹാരമാർഗങ്ങളാണ് ഇരുമ്പ് അടങ്ങിയ ഭക്ഷ്യവസ്തുക്കൾ കഴിക്കുക ,അയൺഗുളികകൾ കഴിക്കുക എന്നവ.*

*കൗമാരപ്രായക്കാരിൽ കണ്ടുവരുന്ന അനീമിയ (വിളർച്ച) തടയുന്നതിനായി ആരോഗ്യവകുപ്പ് ആരംഭിച്ച പദ്ധതിയാണ് WIFS programme. ഈ പദ്ധതിയുടെ ഭാഗമായി 6 മുതൽ 12ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി ആഴ്ച്ചയിൽ എല്ലാ തിങ്കളാഴ്ച്ചകളിലും ഓരോ അയൺഗുളിക വീതം നൽകി വരുന്നു. ഇതുവഴി ഒരു പരിധിവരെ അനീമിയ (വിളർച്ച) നമുക്ക് തടയാൻ സാധിക്കും. അതിനാൽ ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി എല്ലാവരും നിർബന്ധമായും ഈ പദ്ധതിയിൽ പങ്ക് കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു...*

**സിന്ധു കെ.**
**എച്ച് എസ് എ**
**(നാച്ചുറൽ സയൻസ്)**
**ഹെൽത്ത് ക്ലബ് കൺവീനർ**
**ജി വി എച്ച് എസ് എസ്**

# തിരനോട്ടം

(ഫോട്ടോ ഗ്യാലറി)




















# വിഷരഹിത ജ്യൂസുകളുമായി നാലാം ക്ലാസ് വിദ്യാർഥികൾ













# O.R.C Camp
# &
# അക്ഷരമുറ്റം.






അക്ഷരമുറ്റം






നെഹ്റുസ്മൃതി - 2018


സ്മൃതി സംഘടിപ്പിച്ചു


































# നെഹ്റു സ്മൃതി സംഘടിപ്പിച്ചു











## ലൈബ്രറിക്ക് തുടക്കമായി

ഇരവിപുരം: കുട്ടികൾക്കൊപ്പം അമ്മമാർക്കും വായിക്കാൻ അവസരമൊരുക്കി പുതിയ മാതൃസൗഹൃദ വായനശാലയ്ക്ക് തട്ടാമല ജിവിഎച്ച്എസ്എസിൽ തുടക്കം കുറിച്ചു.

കുട്ടികൾ നിയന്ത്രിക്കുന്ന വായനശാല അമ്മമാർക്കും പ്രയോജനപ്പെടുത്താം.

വായനശാലയുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ ജി ശശികുമാർ നിർവഹിച്ചു.





















# INNOVATION IN EDUCATION

Innovation in education means doing what's best for all students. The biggest challenge for any teacher is capturing each student's attention and conveying ideas effectively enough to create a lasting impression. As a teacher to tackle this challenge effectively,we should implement innovative ideas that make the classroom experience much more lovable for our students. We have to give them lots that will make them productive in their future carrer. The dynamics between a teacher and students define the essence of a classroom.

## Innovation in the classroom

Education in the foundation of our economy. What we learn in school determines who we become as individuals and our success through out our lives. It informs how we solve problems? how we work with others? and how we look at the world around us? In today's innovation economy education becomes even more important for developing the next generation of innovators and creative thinkers.

Our great Education Protection mission (“pothuvidyabhysa Samrakshna yajnam”) is an effective steps in the field of innovation . At aims to make Kerala, a fully digitalised state in education sector. The Government would facilitate necessary physical, academic and digital contents which are required for implementing this programme. Now we can remember the words of the great poet William Butler Yeats-

*“Education should not be the filling of a pail*
*but the lighting of a fire”*

The innovative teaching methods ignites a person for learning and provides students with the tools that need to succeed in the innovation economy.

Sulabha S
HSA English

## ചിത്രശലഭം

ഒരു പൂന്തോട്ടത്തിൽ പുറകിലായി ഒരു വീടുണ്ടായിരുന്നു. ആ വീട്ടിൽ ഒരു അമ്മയും ഒരു പെൺകുട്ടിയും താമസിച്ചിരുന്നു .ആ പെൺകുട്ടി സൗന്ദര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നവളായിരുന്നു .അതുകൊണ്ടുതന്നെ അമ്മയ്ക്ക് ഒരു സഹായവും ചെയ്തു കൊടുക്കില്ല . അമ്മ ഒരു ദിവസം പറഞ്ഞു "നീ പോയി കുറച്ചു പൂപറിച്ച് കൊണ്ട് വാ ." ആദ്യമൊന്നമടിച്ചു എങ്കിലും പിന്നീടവൾപോകാൻ തയ്യാറായി.

അവിടെ അവൾ സുന്ദരികളായ ഒരുപാട് ചിത്രശലഭങ്ങളെ കണ്ടു .അതിൽ വ്യത്യസ്തമായ ഒത്തിരി ചിത്രശലഭങ്ങളെ അവൾ കണ്ടുപിടിച്ചു .അപ്പോളതാ അതിസുന്ദരിയായ ഒരു ചിത്രശലഭം പറന്നുവരുന്നു. ചിത്രശലഭം അവളുടെ അടുത്തുള്ള പൂവിൽ തേൻ നുകരാൻ വന്നു . അവൾ ചിത്രശലഭത്തോടു ചോദിച്ചു "ചിത്രശലഭമേ നിനക്ക് ഇത്രയും സൗന്ദര്യം എവിടെ നിന്നുമാണ് കിട്ടിയത്?" ശലഭംംപറഞ്ഞു "ഞങ്ങളുടെ ലോകത്ത് ഒരു മാന്ത്രിക കുളമുണ്ട് ." "മാന്ത്രിക കുളമോ..!?"അവൾ അത്ഭുതത്തോടെ ചോദിച്ചു . "അതേ മാന്ത്രിക കുളം .അതിൽ ഒരു തവണ കുളിച്ചാൽ അതി സുന്ദരിയായിമാറാം.” "അതയോ ?” അവളുടെ ആകാംഷഒന്നുകൂടി വർദ്ധിച്ചു.ശവഭം തുടർന്നു - "പക്ഷേ ഒരു പ്രശ്നമുണ്ട് രണ്ടാമത് മുങ്ങിയാൽ അപകടമാണ്. " "എന്ത് അപകടം ?" അവളാരാഞ്ഞു. "അതെനിക്ക് അറിയില്ല, ഞങ്ങളുടെ നിട്ടിലാരും അങ്ങനെ ചെയ്തിട്ടില്ല." ശലഭം മറുപടി പറഞ്ഞു. "എന്നെ കൂടി അങ്ങോട്ട് കൊണ്ട് പോകാമോ" എന്നു അവൾ

ചോദിച്ചു.

" കൊണ്ടുപോകാം , പക്ഷേ ഞാൻ പറഞ്ഞത്

മറക്കരുത് ." ചിത്രശലഭം ഒന്നുകൂടി



ഓർമ്മപ്പെടുത്തി. അവർ അതത്ര കാര്യമാക്കിയില്ല . അവർ അങ്ങോട്ട് യാത്രയായ്. അവിടെ അവൾ മനോഹരമായ ആ മാന്ത്രികകുളംകണ്ടു. അതിൽ ഇറങ്ങി ഒരു തവണ മുങ്ങി നിവർന്നു. അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവളുടെ സൗന്ദര്യം ഇരട്ടിച്ചു. അപ്പോളവൾക്കൊരാഗ്രഹം ഒന്നുകൂടി മുങ്ങിനിവരണമെന്ന് .അത്യാഗ്രഹം കാരണം അവൾ ഒന്നുകുടി മുങ്ങി. അവൾ ഒരു സുന്ദരിയായ മത്സ്യമായി .

കൃഷ്ണാഅനിൽകുമാർ

V B

# BIOLOGY



## പ്രകാശസംശ്ലേഷണം
## (PHOTOSYNTHESIS)

**ജയകുമാരി.ബി.കെ**
**HSA (N.S)**
)

ഈ ഭൂമിയിൽ സർവ്വ ജീവജാലങ്ങളുടെയും ജീവൻ നിലനിർത്തുന്ന ഒരു പ്രധാന പ്രവർത്തനമാണ് പ്രകാശസംശ്ലേഷണം . സസ്യങ്ങളിൽ ആഹാര നിർമ്മാണം നടക്കുന്നത് ഈ രാസപ്രവർത്തനത്തിലൂടെയാണ്. Glucose+ $O_2$ ഉണ്ടാകുന്നു.

സൂര്യപ്രകാശം

ie.$6CO_2+6H_2O$----------------> $6O_2+C_6H_{12}O_6$ ( Hexose sugar Glucose)

സസ്യങ്ങൾ

ഹരിതസസ്യങ്ങളിൽ സൂര്യപ്രകാശം,ഹരിതകം എന്നിവയുടെ സാന്നിധ്യത്തിൽ ജലം,കാർബൺഡൈഓക്സൈഡ് എന്നിവയെ കൂട്ടി ചേർത്ത് ഗ്ലൂക്കോസ് നിർമിക്കുന്നു.

സൂര്യപ്രകാശം പച്ചിലകളിൽ പതിക്കുകയും മണ്ണിൽ നിന്ന് ജലം വേരുകളിലൂടെ ഇലകളിൽ എത്തുകയും ചെയ്താൽ ഉടനെതന്നെ ആഹാരമുണ്ടാക്കാനായി പ്രക്രതിയുടെ ഈ അടുക്കള പ്രവർത്തനനിരതമാകും. ഇതിനാവശ്യമായ ജലം കൊണ്ടു വരുന്നതിന് കാർബൺഡൈഓക്സൈഡിനെ സ്വീകരിക്കുന്നതിനും ഓക്സിജനെ പുറത്തേക്ക് വിടുന്നതിനുമായി ഇലകളിൽ നിരവധി കുഴലുകളുണ്ട് . ഇലയുടെ കോശങ്ങളിലായി ഒഴുകിനടക്കുന്ന ബട്ടണാകൃതിയിയിലുള്ള പച്ചനിറമുള്ള കണങ്ങളാണ് ക്ലോറോപ്ലാസ്റ്റുകൾ അഥവാ ഹരിതകണങ്ങൾ. ക്ലോറോപ്ലാസ്റ്റിലെ ക്ലോറോഫില്ലിന്റെ അഥവാ ഹരിതകണത്തിന്റെ തൻമാത്രകൾ സൂര്യരശ്മിയെ ആഗിരണം ചെയ്യുന്നു.

ഈ ഊർജത്തെ വായുവിലെ കാർബൺഡൈഓക്സൈഡ്, ഹൈഡ്രജൻ എന്നിവയുടെ ആറ്റങ്ങളുമായി ചേർന്നാണ് ജീവലോകത്തിന് അത്യന്താപേക്ഷിതമായ ഗ്ലൂക്കോസ് തൻമാത്രകളായി രൂപപ്പെടുന്നത്. സൂര്യനിൽനിന്നുള്ള പ്രകാശോർജം രാസോർജമായി ഗ്ലൂക്കോസിൽ സംഭരിക്കപ്പെടുന്നു.ഇങ്ങനെ സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ കാർബൺഡൈഓക്സൈഡിലേയും ജലത്തിലേയും ഘടകങ്ങളെ തമ്മിൽ സംയോജിപ്പിച്ച നടത്തുന്ന സംശ്ലേഷണപ്രക്രിയായതിനാലാണ് ഇതിനെ പ്രകാശസംശ്ലേഷണം എന്നു പറയുന്നത്.

സസ്യങ്ങൾ സംശ്ലേഷണം ചെയ്യുന്ന ഗ്ലൂക്കോസിൽ ഒരു ഭാഗം അതിന്റെ ജീവൽപ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും ഉപയോഗിക്കപ്പെടുന്നു. ബാക്കിയുള്ളത് മാംസ്യം,കൊഴുപ്പ്,അന്നജം എന്നിവ ഉൾക്കൊള്ളുന്ന ഊർജ്ജപായ്ക്കറ്റുകളായി പഴങ്ങളിലും,വിത്തുകളിലും,കിഴങ്ങുകളിലും മറ്റുമായി സംഭരിക്കപ്പെടുന്നു.ഈ ഊർജ്ജപായ്ക്കറ്റുകളടങ്ങിയ സസ്യഭാഗങ്ങളെയാണ് എല്ലാ ജീവജാലങ്ങളും ആഹാരത്തിനായി ആശ്രയിക്കുന്നത്.

പ്രകാശസംശ്ലേഷണം ജീവലോകത്തിന്റെ നിലനിൽപ്പിനാധാരമായ രണ്ടു വിവരങ്ങൾ നൽകുന്നു. ശ്വസനത്തിനാവശ്യമായ ഓക്സിജനും ഭക്ഷണവും. പ്രകാശസംശ്ലേഷണത്തിന്റെ രാസപ്രവർത്തനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

സൂര്യപ്രകാശം

$6CO_2$ + $6H_2O$ -----------------> $6O_2 + C_6H_{12}O_6 + 6O_2$ + ഊർജം

കാർബൺഡൈഓക്സൈഡ് ജലം ക്ലോറോഫിൽ കാർബോഹൈഡ്രേറ്റ് (ആഹാരം)

(അന്തരീക്ഷത്തിൽ നിന്നും) ( മണ്ണിൽ നിന്നും)

# കീരി



ഉന്മാദത്തിനും നക്ഷത്രത്തിനും
ഇടയിലുള്ളോരുഞ്ഞാലിൽ
അങ്ങനെ
മഞ്ജരീവൃത്തത്തിൽ പായുകയാണ് ഞാൻ ...
"അല്ല അതു ബ്രാഹ്മണരുടെ വീടല്ല
ഞാൻ പോയതവിടെയല്ലെ"ന്നു
പറഞ്ഞൊരു കീരി ചില്ലയിൽ നിന്നു
ചില്ലയിലെയ്ക്ക് ചാടിപ്പറയുന്നു
അങ്ങേയറ്റമിങ്ങേയറ്റമെന്നു ചാടിപ്പറയുന്നു
അവർക്ക് ഭക്ഷണം പോലെ ജാതിയുമന്യമെന്നു
പക്ഷേ മനുഷ്യ മനസ്സുകൾ സ്വയം പകുത്ത
ദുരന്തകാലത്തിലവരുടെ നന്മയെൻ പകുതിയെ
സ്വർണ്ണമാക്കിയെന്നറിയുക '..?
ആഹാ അങ്ങനെയോ ?
ചരിത്രത്തിലൂടെ അങ്ങനെ ആടുകയാണ് ഞാൻ
ആടുന്ന വരികളിൽ അബോധസ്മൃതി
മുട്ടയിട്ടാട്ടുന്നു ചെറുശ്ശേരി
കാലനാഗത്തെയോർമ്മിപ്പിച്ചു കൊണ്ട്
വീഴാതെ നോക്കു എന്നെഴുത്തച്ഛൻ
ഈണമിട്ടു മലയാളം കൂടെയുണ്ട് ..
മലമുകളിൽ തമിഴിന്റെ തിരയിളക്കം
വിന്ധ്യനെ ഉണർത്തരുതെന്നഗസ്ത്യൻ
മലമുകളിൽ ദിക്കുതെറ്റിയ രേണുക .
മൂന്നു ലോകവും പൊയ്പ്പോയ,



മുത്തുക്കുട നഷ്ടപ്പെട്ട മഹാബലി
അഗസ്ത്യന്റെ ഉദരത്തിൽ ലയിച്ച ഉല്വപി
കുടൽ മാല പുറത്തു ഞാത്തിയ ഹിരണ്യ
കശിപു
കണ്ണുപൊട്ടിയ ശുക്രാചാര്യർ
മരം മുറിക്കുന്ന പരശുരാമൻ
ഒളികണ്ണിട്ടു കൊണ്ടാരെയോ
വിവരമറിയിക്കുന്ന പ്രഹ്ലാദൻ
താമരപ്പൊയ്കയിൽ മുതലപിടിച്ചൊരാന
തുമ്പി പോക്കിയാരെയോ പ്രാർഥിക്കുന്നു
'ഉണ്ണുണ്ണു' പറഞ്ഞു കൊണ്ടായംതരുന്നു സൂര്യൻ

കാട്ടിലുപേക്ഷിക്കപ്പെട്ടൊരു പൂർണ്ണ ഗർഭിണി
ഒരു പിതാവിനെ കണ്ടെടുക്കുമ്പോൾ
ഒരു കവിത ആദ്യമായി ജനിക്കുന്നു
ആകാശത്തിൽ ശിബിയുടെ പ്രാവ്
ജീവിതാർത്തി മൂത്ത് മകന്റെ
യൌവനം കടം വാങ്ങുന്ന യയാതി
വാർധക്യം സ്വയമെൽക്കുന്ന പുരു.
വിരൽ മുറിച്ച വാങ്ങുന്നൊരധ്യാപകൻ
ചരിത്രത്തെ അപമാനിക്കുമ്പോൾ
വീണ്ടും കവിത ജനിക്കുന്നു
അഞ്ചുപേർ ഭോഗിച്ചെറിഞ്ഞൊരു പെണ്ണ്
മഹായുദ്ധത്തിന്റെ ശങ്ഖു മുഴക്കുന്നു.
അമ്മയുപെക്ഷിച്ചൊരു മകൻ
വിടർത്തുന്ന സ്നേഹവേനൽ
ഹൃദയം പകുത്തു സുഹൃത്തിന് നല്കുന്ന വിമതൻ
ചക്രവ്യൂഹത്തിൽ നിന്ന് കൊണ്ട് രക്തത്തിൽ
'ദോഹദം 'തീർക്കുന്ന പതിനാറുകാരൻ
പടച്ചട്ടയണിഞ്ഞുകൊണ്ട് രന്തിദേവന്റെ നായ്ക്കൾ
പഴികേട്ടു തളർന്ന യുധിഷ്ട്ടിരൻ
വാർധക്യം സ്വയമെൽക്കുന്ന പുരു
സൌഖ്യങ്ങളെല്ലാമുരിഞ്ഞെറിഞ്ഞു
ഭിക്ഷാപാത്രമെടുക്കുന്ന സിദ്ധാർത്ഥൻ
അധികാരം എന്ന അച്ഛനെക്കൊന്നു
രാജ്യരക്ഷയേൽക്കുന്ന അജാത ശത്രു
മുറിവേൽപ്പിച്ച പുല്ലുകളെല്ലാം
പിഴുതെറിയുന്നൊരധ്യാപകൻ
ശിൽപ്പിയുടെ കൈവെട്ടിമാറ്റി
ചുവപ്പിനെ വെളുപ്പാക്കി ഷാജഹാൻ
മലഞ്ചെരിവിൽ നിന്നുകൊണ്ട് ആനകളെ
താഴേക്ക് കുത്തി നോവിച്ചെറിഞ്ഞു
രസിക്കുന്ന ഔരംഗസീബ്
പൊടിപുരണ്ട രത്നകുമ്പാരങ്ങൾക്കരികിൽ
ചുമച്ചിരുന്നു തുന്നുന്ന നൈസാം
അർദ്ധ നഗ്നനായൊരാൾ ആട്ടുമായലയുന്ന
നിരാഹാര സത്രങ്ങൾ
പുസ്തകങ്ങൾ തിന്നുന്നൊരാട്
ഒന്നുമൊന്നും വലിയ ഒന്നെന്നു ചൊല്ലി
ലോകം കീഴടക്കുന്നു
നാമംനഷ്ട്ടപ്പെട്ടൊരു മഹാ മനുഷ്യൻ
ഒരു സ്വതത്രരാജ്യത്തിന്റെ പിതാവാകുന്നു
പിതൃനാമം പോലും നഷ്ട്ടപ്പെട്ട മക്കൾ

ആത്മഹത്യ ചെയ്യുന്നു .
ഭയം കൊണ്ട് നിലച്ച തക്ലികൾ
ചുവന്ന സന്ധ്യകളുടെ തെരുവിൽ .
മനുഷ്യമാസത്തിന്റെ ഗന്ധം
രാജ്യധമനികളുടെ തീവണ്ടിയിൽ .
മുറിഞ്ഞ ലിംഗങ്ങളും ഹിന്ദുത്തലകളും
മനുഷ്യ സാഗരത്തിനു മുകളിൽ
ഒരു വെളുത്ത തല ലണ്ടൻ
ലക്ഷ്യമാക്കിപ്പകച്ചു നീന്തുന്നു
ഉപ്പുകടലിനു നനയ്ക്കാൻ കഴിയാത്ത
രത്നങ്ങൾ അയാളുടെ ഭാണ്ഡം നിറയെ
ഉത്തരം മുട്ടിക്കുന്ന പൂണൂൽ വിരിക്കുന്ന
ചുവന്ന പരവതാനി ദക്ഷിണത്തിൽ
ഉത്തരത്തിൽ പിടയുന്ന ഭസ്മമുറിവുകൾ
തൃശ്ശൂലത്തിൽ പൂത്തോഴുകുന്ന മലിനഗംഗകൾ

ഒരു രാഷ്ട്രത്തിനാകെ വായ നഷ്ടപെടുന്നു
മുടിമുറിച്ചുകളഞ്ഞ യക്ഷി സൂര്യനെ മറയ്ക്കുന്നു
ദില്ലിയിൽ പകയുടെ വാകകൾ പുഷ്പിച്ച
കരിംകാളി തൻചുട്ടനാവുതിർത്ത രക്തം
നിഗൂഢ മൌനം തകർത്ത പുഷ്പകത്തിൽ
പ്പൊലിയുന്ന കൊട്ടും രാഷ്ട്രതന്ത്രപുത്രൻ
തലയ്ക്കടിയേറ്റു വീണ ഒരു സ്മാരകം രാഷ്ട്രത്തിന്റെ
സിരകളിലൂടെ വിലപിച്ചു കൊണ്ടോടി നടക്കുന്നു
ആരും കേൾക്കാത്തോരു കെട്ടിടത്തിന്റെ വിലാപം
രാവുകളെ സ്വപ്നരഹിതമാക്കുന്നു
നാം തിരക്കിലാകുന്നു .
മൂത്രമൊഴിക്കാൻ പോയവരുടെ മക്കൾ
ജനാധിപത്യത്തെ വിവാഹം കഴിക്കുന്നു
ചുവന്ന പതാകകൾ ദൈവത്തെ കാണുന്നു
ശാസ്ത്രം മെഴുകുതിരികളിൽ ഉരുകി വീഴുന്നു
ക്ഷേത്രങ്ങളിൽ ശയനപ്രദക്ഷിണം ചെയ്യുന്നു
പള്ളിമുറ്റങ്ങളിൽ ബാങ്ക് വിളിക്കുന്നു .
കമ്പ്യൂട്ടറുകൾക്കിടയിലൂടെ കടന്നു വന്നു
മൌസുകളെ ഉമ്മവച്ചു കൊണ്ടൊരു
കീരി ,പകുതി ശരീരം
സ്വർണ്ണനിറമുള്ളൊരു
കീരി...
തന്റെ പകുതി ശരീരം നോക്കി
വ്യാസനെ വിളിക്കുന്നു .

എന്റെ മറു പകുതിയിപ്പോഴും

സ്വർണ്ണമായില്ലല്ലോ ....

വ്യാസന്റെ നമ്പർ?

....... ഇപ്പോൾ നിലവിലില്ലത്രെ !!!

ചരിത്രത്തിലൂടെ അങ്ങനെ ആടുകയാണ് ഞാൻ

ഊഞ്ഞാലിൽ നിന്നടർന്നു വീഴുന്ന ബോധം

ഇപ്പോൾ ഞാൻ താഴെയും കീരി ഊഞ്ഞാലിലും

സത്യമിപ്പൊഴും സത്യം തേടി ചരിത്രത്തിന്റെ

ഊഞ്ഞാലിലാടുന്നു ...പുറം മുഴവൻ സ്വർണ്ണമാക്കാൻ

വേണ്ടി ഞാനും എന്റെ രാജ്യവും കുഞ്ഞുങ്ങളോടൊപ്പം

ഊഞ്ഞാലുകൾക്ക്പിറകെ അങ്ങനെ പായുകയാണ് ...

അടുത്ത താളത്തിലാട്ടി നീട്ടുവാൻ വരുന്നതാരോരാൾ ?

സച്ചിദാനന്ദന്റെ മലയാളം ?

കുരീപ്പുഴയുടെ അമ്മ മലയാളം ?

ചങ്ങമ്പുഴയുടെ കാവ്യനർത്തകി?

പീയുടെ ലഹരിക്കണ്ണ് ?

വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്ത് ?

തിരുനല്ലൂരിന്റെ കായൽ ക്കണ്ണ് ?

അഴീക്കോടിന്റെ വേദക്കണ്ണ്?

കെ പീ അപ്പന്റെ തടാകക്കണ്ണ് ?

ചുള്ളിക്കാടിന്റെ ബുദ്ധക്കണ്ണ് ?

മാധവിക്കുട്ടിയുടെ പ്രണയക്കണ്ണ് ?

വിജയന്റെ നിഗൂഡക്കണ്ണ്ൻ ?

ഊഞ്ഞാലിൽ ഇപ്പോൾ കീരിയോടൊപ്പം

ദസ്തയേവ്സ്കി.... മയക്കൊവിസ്കിയുടെ

ഒരു കവിതയോടൊപ്പം ആടുകയാണ് ..

"mother your son is marvellously ill
his heart is on fire
tell his sisters that their brother
can not escape from this consuming pyre ......."

കീരിയുടെ വാലിൽ നിന്നു പുള്ളി രോമങ്ങൾ

പിഴുതെടുത്ത് ഒരു ചിത്രം വരയ്ക്കാനുള്ള

തുലിക പടയ്ക്കുകയാണ് ഞാൻ ....

അനീഷ് .ഡി

HSA MALAYALAM

# മഴയില്ല ഭൂമിയിൽ വെള്ളമില്ല

മഴയില്ല ഭൂമിയിൽ വെള്ളമില്ല .
വെള്ളമില്ല ഒരിറ്റ് ദാഹമടക്കാൻ
ഭൂമിയിൽ വെള്ളം കിട്ടാതെ തന്റെ
കൃഷികൾ മുഴുവനും നശിച്ചുപോയി
വെള്ളമില്ലെങ്കിൽ ഭൂമിയിൽ കൃഷിയില്ല .
വെള്ളവും ഭക്ഷണവും ഇല്ലാതെ
മനുഷ്യജിവൻ പോലും അപകടത്തിൽ
മഴവന്നാൽ മനുഷ്യർക്ക് സന്തോഷം
മാനത്ത് ഇരുട്ടുവീണപ്പോൾ
എല്ലാവരിലും സന്തോഷം നിറഞ്ഞു .
ആ കരിങ്കാറു പെട്ടന്നു തന്നെ
പോയപ്പോൾ എന്നുകിട്ടും ഭൂമിയിൽ മഴ
വെള്ളം ദാഹമടക്കാൻ
വെള്ളം പെന്നുതന്നെ
ഇനിയെങ്കിലും പാഴാക്കാതെ സൂക്ഷിക്ക്
വെള്ളം ഭൂമിയുടെ സമ്പത്ത്.

വൈഷ്ണവി . എസ് . കുമാർ
7.D

# തിരുശേഷിപ്പ്



ധന്യ. എസ്
HSA MALAYALAM

സാധാരണ എൻെറ ഫോൺ സംഭാഷണങ്ങളെ വീട്ടിൽ ആരും തടസ്സപ്പെടുത്താറില്ലാത്തതാണ്. വീട്ടുകാരുടെ സുഗമമായ ജീവിതചര്യയ്ക്ക് എൻറെ ഫോൺവിളിയുടെ ദൈർഘ്യം തടസ്സമാകരുതെന്ന നിർബന്ധവും എനിക്കുണ്ടെന്നതാണ് വാസ്തവം. ഫോൺ സംഭാഷണം സംക്ഷിപ്തതതയിൽ എഡിറ്റ് ചെയ്ത് അവതരിപ്പിക്കുന്നതിൽ ഗുരുസ്ഥാനീയായ പ്രിയ സുഹൃത്തിനോടുള്ള സംഭാഷമധ്യേ....എൻറമ്മേ....

പനിപിടിച്ചതിനാൽ ലീവെടുത്ത് വീട്ടിൽ കിടന്ന ഒരു ദിവസം സന്ധ്യാനേരത്ത് സുഹൃത്തുമായി ഫോണിൽ സംസാരിക്കുന്ന നേരത്താണ്, അന്നത്തെ ഉദ്യോഗം കഴിഞ്ഞ്-" മനുസ്മൃതി രണ്ടാം സംരക്ഷകനായി പറഞ്ഞ"- എൻെറ ഗൃഹനാഥൻ എത്തിച്ചേർന്നത്. അമ്പിളി ടീച്ചറിനോട്, ഡിജിറ്റൽ മാഗസനിൽ അടിയന്തിരമായി പൂർത്തിയാക്കേണ്ട കാര്യങ്ങളുടെ കരട് രൂപപ്പെടുത്തുന്ന സമയമായതിനാൽ;പൂമുഖവാതിൽക്കൽ പുഞ്ചിരിതൂകി നിൽക്കാനൊന്നും തുനിഞ്ഞില്ല; മുറിയിലിരുന്ന് വിളി തുടർന്നു.ആഗതൻ നേരേ വേഷം മാറാനായി മുകളിൽ ഡ്രസ്സിംഗ്റൂമിലേക്ക് പോയി. കണ്ണൻ സ്കൂൾവിശേഷങ്ങളുമായി പിന്നാലെയും.

ഫോൺ സംഭാഷണം പരിണാമഗുപ്തിയിൽ എത്തുന്ന സമയത്ത് മുകളിൽനിന്നും, 'അമ്മാ... അച്ഛൻ വിളിക്കുന്നു' എന്ന മോൻെറ ഭയന്നും ആവർത്തിച്ചുമുള്ള വിളിയിൽ ഫോൺവിളി നിന്നു. പടികൾ ഇറങ്ങുന്ന കാലടിശബ്ദം അടുത്തടുത്ത് വന്നു നിശ്ചലമായി. ശാന്ത ഗംഭീരമായ

മുഖത്ത് ദേഷ്യവും എതിരേൽക്കാത്തതിലുള്ള അമർഷവും കണ്ണുകളിൽ ജ്വലിച്ചുനിന്നു.

വീട്ടിലെ സമാധാന അന്തരീക്ഷം അന്യം നിന്ന്പോയിട്ട് ദിവസം നാലഞ്ചായി. അമ്മയുടെ സഹോദരൻ ക്രിട്ടിക്കൽ അവസ്ഥയിൽ മെഡിക്കൽ കോളേജിൽ കിടക്കുകയാണ്. പ്രാർത്ഥനകളും കണ്ണുനീരും തളം കെട്ടിനിൽക്കുന്ന ഗൃഹാന്തരീക്ഷം. രണ്ടുദിവസത്തെ മെഡിക്കൽകോളേജ് സന്ദർശനം മനസിനെയും ശരീരത്തെയും തളർത്തിക്കളഞ്ഞു. പനി പിടിച്ച കിടന്ന ആളിനോട് ആണ് ഈ കണ്ണുരുട്ടൽ. കാര്യമെന്തെന്ന് അന്വേഷിക്കുന്നതിന് മുൻപേ, "മുകളിൽ മുഴുവനും ചോരക്കളം, പുതിയ മുണ്ടിലും കണ്ണൻറെ ഡ്രസ്സിൽ അപ്പടി ചോര". കേട്ടപാതി കേൾക്കാത്തപാതി ഞാൻ മുകളിലേക്ക് കുതിച്ചു പിന്നാലെ കണ്ണനും. പുറത്തെ ലൈറ്റിട്ട് കതക് തുറന്ന് പുറത്തിറങ്ങി അവിടമാകെ പോലീസ് സ്ക്വാഡിനെ വെല്ലുന്ന അന്വേഷണ ത്വരയോടെ പരതി. അങ്ങിങ്ങായി ഉണങ്ങി കിടക്കുന്ന കണിക്കൊന്നയിലകളല്ലാതെ മറ്റൊന്നും കണ്ടെത്താനായില്ല.

മൂന്നു വയസ്സ് തികഞ്ഞ പുതിയ വീടിനുള്ളിൽ കുറേനാളുകളായി എലികൾ പാർപ്പാക്കി സ്വൈരവിഹാരം നടത്തിയതിനാൽ രണ്ടുദിവസം മുൻപാണ് കരമന സൂപ്പർമാർക്കറ്റിൽ നിന്നും വാങ്ങിയ ഹിറ്റ് വച്ച് കെണിയൊരുക്കിയത്. അഞ്ച്പീസ് അങ്ങിങ്ങായി വച്ചിരുന്നതിൽ രണ്ടെണ്ണം ഒഴികെ അവന്മാർ അകത്താക്കിയിരുന്നു.

എലിശല്യം തുടങ്ങിയ സമയത്ത് ഞാൻ പറഞ്ഞതാണ്നമുക്ക്ഇവയെഉന്മൂലനാശം ചെയ്യണമെന്ന്. പക്ഷേ ഒന്നിനെയും ദ്രോഹിക്കാത്ത എൻറെ മഹാനുഭാവൻെറ കണ്ണുകളിൽ തെളിഞ്ഞത്, എലികളും ഭൂമിയുടെ അവകാശികളാണെന്ന ബഷീറിയൻ ദർശനമോ; ഗാന്ധിജിയുടെ അഹിംസാദർശനമോ എന്ന്തിരിച്ചറിയാനാകാതെനിന്നു. എലിപ്പനിയെക്കുറിച്ചുള്ള ഭയം മാത്രമായിരുന്നു മനസ്സിൽ.

രാവിലെ പാത്രം കഴുകുന്ന സമയത്ത് -സൂര്യൻ ഉദിക്കുന്നതിനുമുൻപും അസ്തമിക്കുന്നതിനു ശേഷവുമുള്ള മഞ്ഞുമൂടിയ കാഴ്ച!എന്തൊരുഭംഗിയാണ്- ഞാനും മുക്കന്നിമലയും മൂകപ്രണയം കൈമാറുന്ന അവസരത്തിലാണ് ഒരു മൂഷികനെ കൊക്കിൽ തൂക്കി കാക്ക പറന്നു പോകുന്നത് കണ്ടത്. ആശ്വാസം; അല്ല ഉള്ളിലൊരു വിങ്ങൽ, ഭക്ഷ്യശൃംഖലയോർത്ത് ആശ്വാസിച്ചു.

മുകളിലത്തെ മുറിയിൽ തെരച്ചിൽ നടത്തുമ്പോഴും ഉള്ളിൽ ഭയമായിരുന്നു. കഴിഞ്ഞവർഷമാണ് ആ സന്ദർശനം നടന്നത്. ഒരുത്തൻ നമ്മുടെ പൂർവികൻ, മുക്കന്നിമലയിൽ മനുഷ്യൻ വാസമുറപ്പിച്ചപ്പോൾ പാർശ്വവൽക്കരിക്കപ്പെട്ട് നാട്ടിലേക്ക് വാലും ചുരുട്ടി വന്ന വാനരൻ- ഹനുമാൻ ലങ്കാദഹനം നടത്തിയതുപോലെ- അയൽവീടുകളിലെ ടെറസ് കൃഷിയിടങ്ങളിലും മർദ്ദനം നടത്തി അജയ്യനായി വന്ന് പർഗോളയിലിരുന്ന് താഴേക്ക്ഉറ്റുനോക്കി ഞങ്ങളെയെല്ലാവരേയും ഭയപ്പെടുത്തിയിരുന്നു.

മറ്റൊരിക്കൽ മരപ്പട്ടിയും അടുക്കളയിൽ കയറി ഞങ്ങളെ ഭയപ്പെടുത്തി. ഓടിച്ചു വിടാൻ അന്ന് ഏറെ പ്രയാസപ്പെട്ടതാണല്ലോ. ഇനി ഇവറ്റകൾ വല്ല പണിയും ഒപ്പിച്ചത് ആയിരിക്കുമോ???അല്ല, അതിന് പുറത്തേക്കുള്ള വാതിലുകൾ തുറന്നിടാറില്ലല്ലോ!

ചിന്തകൾക്ക് നാലുപേജ് ദൈർഘ്യമില്ല. ചോരക്കളം തിരയുന്നതിനുള്ളിൽ ചിന്തകൾ കാടുകയറി. "മോനേ, ടോർച്ച് എടുത്തുകൊണ്ടുവാ....." കൊച്ച് താഴേക്കോടുന്നതിനു മുൻപ് ദൃക്സാക്ഷി മുന്നിൽ, "പുറത്തല്ല റൂമിലാണെന്ന്".

മുകളിലത്തെ മുറിയിൽ യാതൊരു ശബ്ദവും കേട്ടിരുന്നില്ല. മുറിക്കുള്ളിലേക്ക് ഓടിച്ചെന്നു, ശരിയാണ്

തറയിൽ അങ്ങിങ്ങായി ചുവന്ന പാടുകൾ. രക്തത്തിൻെറ കറുത്തപാടുകളല്ല അവ. ഇളംചുവപ്പ് നിറം മാത്രം. ബുക്ക്ഷെൽഫിന് പിന്നിൽനിന്നും തുടർന്ന് തറയിൽ അങ്ങിങ്ങായി പാടുകൾ കണ്ടു. സ്റ്റാൻറിൽ മടക്കിയിട്ട പുതിയ മുണ്ടിലും മറ്റും ചുവന്ന പാടുകൾ. ബാത്റൂമിൻെറ വാതിൽ വരെ അങ്ങിങ്ങായി ചെറുതുംവലുതുമായ പാടുകൾ.

കട്ടിലിനടിയിലേക്ക് നോക്കി ശൂന്യം; മെത്ത പൊക്കി നോക്കി നിശ്ശൂന്യം. ഇനി കേക്ക് കഴിച്ച് മൂഷികൻമാർ ചോര ഛർദ്ദിച്ച്.....ഹേയ് അങ്ങനെ വരാനിടയില്ല. ഇനി കതകിനിടയിൽപ്പെട്ട ഗൗളിയായിരിക്കുമോ? മറ്റൊന്നും എൻറെ മസ്തിഷ്കത്തിൽ തെളിഞ്ഞുവന്നില്ല; കാരണം കണ്ടെത്താൻ ശ്രമിക്കാതെ 'അയ്യോ എൻെറ പുതിയ മുണ്ട്ആണ്' എന്ന ആവർത്തനവിരസത കാതിൽ വന്നലച്ചപ്പോൾ ഞാൻ ഭയവും ദയനീയതയും അതിലുപരി അമർഷത്തോടെയും പറഞ്ഞു; "ഒന്നു സമാധാനപ്പെട്ടു കേവലമൊരു മുണ്ടല്ലേ, പോയെങ്കിൽ അതങ്ങുപോട്ടെ, എത്രമുണ്ട് വേണം; ഇനി ഇങ്ങനെ പറഞ്ഞുകൊണ്ട് എൻറെ സൈ്വരം കെടുത്തിയാൽ ആ മുണ്ടുകൊണ്ട് എന്നെ പുതപ്പിച്ച് കിടത്തേണ്ടി വരും ഓർത്തോ!"- ഭയന്ന് മരിച്ചുപോയ എത്രയോപേരുണ്ട്!- പനി പിടിച്ചു കിടന്നപ്പോൾ, ആശുപത്രിക്കാഴ്ചകളാണ് നിന്നെവീഴ്ത്തിക്കളഞ്ഞത് എന്ന് രാവിലെപറഞ്ഞ് എൻെറ പ്രശ്നം കണ്ടെത്തിയ മനുഷ്യനാണ് ഇപ്പോൾ ഇങ്ങനെ.

എങ്കിലും ഈ പാടുകൾ ഇനി....? ക്രാഫ്റ്റും കളറിംഗുമായി നടക്കുന്ന കൊച്ചിനെ നോക്കി "നീയല്ലേടാ..." ചോദിച്ചു തീരുന്നതിനു മുൻപേ "ഞാനല്ലമ്മാ, ഞാനിങ്ങോട്ട് അതൊന്നും കൊണ്ടുവരാറില്ല". സത്യം സമർത്ഥിച്ചുകൊണ്ടുള്ള നിഷ്കളങ്കമായ മറുപടി. ശരിയാണ് ഇപ്പോഴും അവയെല്ലാം ഉറങ്ങുമ്പോൾ തലയിണയ്ക്കു സമീപം സൂക്ഷിച്ചുവയ്ക്കുന്ന കുട്ടിത്തം ഞാനോർത്തു.

പക്ഷേ മൂന്ന് പീസുകൾ കഴിച്ച് മൂഷികന്മാർ എവിടെയൊളിച്ചു? എന്തായാലും അവിടെമാകെ പരതിയിട്ടും യാതൊന്നും കണ്ടെത്താനായില്ല. ഇനി മുഷിഞ്ഞ തുണികൾ ഇടുന്ന കുട്ട നാളെ പുറത്തുകൊണ്ടുപോയി നോക്കാം എന്ന് അമ്മ പറഞ്ഞു. അപ്പോൾ അത് തെരയാനുള്ള ശേഷി എനിക്കുണ്ടായിരുന്നില്ല.

പിറ്റേദിവസം പുലർച്ചെ ആറരയോടെ സ്കൂളിലേക്ക് പുറപ്പെട്ടപ്പോൾ അമ്മയെ ഓർമ്മിപ്പിക്കാൻ മറന്നില്ല തനിച്ച് ആ മുറിയിലേക്ക് കയറേണ്ട; ഞങ്ങൾ വന്നിട്ട് എന്തെങ്കിലും ചെയ്യാം. എങ്കിലും ആ നിറപ്പാടുകൾ ആശങ്കകൾ മാത്രം മനസ്സിൽ അവശേഷിപ്പിച്ചു... തിരികെ വീട്ടിലെത്തിയിട്ട് വേണം തിരുശേഷിപ്പുകളുടെ ഉറവതേടൽ....

***************

# ലിറ്റിൽ കൈറ്റ്സ്
# ഉപ-ജില്ലാതല ക്യാമ്പ്

2018-19 അദ്ധ്യായന വർഷത്തെ ഉപജില്ലാതല ക്യാമ്പ് ഒക്ടോബർ 26 ഉം 27 ശനിയാഴ്ച്ചയും ഞായറാഴ്ച്ചയും ഗവ. വി. എച്ച്. എസ്സ്. എസ്സ് ഇരവിപുരം സ്കൂളിൽ വച്ച് നടത്തി. RP മാരായസുനിൽ സാറും സുരാജ് സാറും ചേർന്ന് ക്ലാസ് എടുത്തു. 6 വിവിധ സ്കൂളുകളിൽ നിന്ന് 8 പേർ വീതം 48 പേർ പങ്കെടുത്തു. ക്യാമ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം ബഹു. H. M ശ്രീ. ശശി കുമാർ .ബി.എസ് നിർവഹിച്ചു. പി.ടി.എ മെമ്പേഴ്സ് കൈറ്റ് മിസ്ട്രസുമാർ എന്നിവരുടെ സാനിധ്യമുണ്ടായിരുന്നു. ആദ്യം ജനറൽ സെഷനായിരുന്നു. അതിൽ എല്ലാ അംഗങ്ങളും ചേർന്നായിരുന്നു. അതിൽ GIMP Image Editor ഉപയോഗിച്ച് എഡിറ്റിങ്ങ് നടത്താനും എഡിറ്റിങ്ങ് മൂലമുള്ള സൈബർ ക്രൃമുകളും മറ്റ് Internet Banking മൂലമുള്ളതും അല്ലാതതുംമായ സൈബർ ക്രൃമും വളരെ ലളതമായ രീതിയിൽ പരിചെയപെടുത്തി തന്നു. Hand Break -ന്റെ  ഉപയോഗവും വളരെ സുപരിചിതമാക്കി. ശേഷം അനിമേഷനും പ്രൃഗ്രാമിങ്ങും വെവ്വേറെ ക്ലാസുകളിലേക്ക് മാറ്റി.

# അനിമേഷൻ

അനിമേഷന്റെ ക്ലാസ് കൈകാര്യം ചെയ്യുന്നത് RP യായ സുനിൽ സാർ ആയിരുന്നു.








ഒരോസ്കൂളുകളിൽ നിന്ന് 4 പേർ വീതം 24 പേർ അനിമേഷന് പങ്കെടുത്തു. ആദ്യം പക്ഷി പറക്കുന്നതിന്റെ അനിമേഷൻ നിർമ്മിക്കുവാനായിരുന്നു.കുട്ടികൾ എല്ലാവരും തന്നെ അത് വളരെ എളുപ്പത്തിൽ അത് ചെയ്തു. പിന്നെ ഒരു കുട്ടി ഓടി വന്നിട്ട് തിരിച്ച് പോകുന്നതായിരുന്നു അത് കുട്ടികൾക്ക് ചെറിയ രീതിയിലുള്ള ആശയക്കുഴപ്പമുണ്ടാക്കി എങ്കിലും അവർ മനസ്സിലാക്കിയെടുത്തു പിന്നെ ആമയും മുയലും എന്ന കഥയുടെ ചെറു അനിമേഷൻ സിനിമ തയ്യാറാക്കാനായിരുന്നു എല്ലാവരും അത് നല്ല രീതിയിൽ പൂർത്തീകരിച്ചു ഈ സെഷനിൽ എല്ലാം tupi tube desk ന്റെയും ഓപ്പൺഷോട്ട് വീഡിയോ എഡിറ്ററിന്റെയും കുറെ ആവശ്യങ്ങൾ കുട്ടികൾ മനസ്സിലാക്കി .അടുത്ത പ്രവർത്തനം ബ്ലെൻഡറിൽ ത്രിഡി അനിമേഷൻ തയ്യാറാക്കുക എന്നതായിരുന്നു ചെറിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടായെങ്കിലും കുട്ടികൾ അത് പരിഹരിച്ച് എടുത്തു പിന്നെഅടുത്ത പ്രവർത്തനം thirsty crow എന്ന ചെറുകഥയുടെ അനിമേഷൻ സിനിമ തയ്യാറാക്കുകയായിരുന്നു . എല്ലാവരും എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി.



അംജദ്.എൻ
ലിറ്റിൽ കൈറ്റ്സ് ലീഡർ

# നന്ദി

**ഐടി പഠനരംഗത്തെ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മാർപ്പണത്തോടെ വിദഗ്ധ പരിശീലനം നൽകിവരുന്ന മാസ്റ്റർ ട്രെയ്നർമാർക്കും മാഗസിന് രചനകൾ നൽകിയ എല്ലാ സുമനസ്സുകൾക്കും നന്ദി.**